07
2026
നവംബർ
ശനി
തുലാം 21

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391



തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 207 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-207 പേജ് 4. വില 2.00 രൂപ

02 കൊച്ചിയിൽ 35 ഗ്രാം എംഡിഎംഎയുമായി ലഹരി സംഘത്തിലെ പ്രധാനി പിടിയിൽ

03 ഡൽഹിയിലും കേരളത്തിലും രാഹുൽ ഗാന്ധിക്ക് രണ്ട് നിലപാടുകൾ: രാജീവ് ചന്ദ്രശേഖർ

04 യുവനടി പ്രതിയായ കേസിൽ വൻ ട്വിസ്റ്റ് ; യുവ ഡോക്ടർക്കെതിരെ ബലാത്സംഗക്കേസ്

ബംഗാൾ ഉൾക്കടലിൽ 100ലേറെ സമുദ്ര ഉഷ്ണതരംഗങ്ങൾ



സമുദ്ര ആവാസവ്യവസ്ഥയിൽ കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രത്യാഘാതം ബോധ്യപ്പെടുത്തുന്നതായിരുന്നു സിമ്പോസിയത്തിൽ അവതരിപ്പിച്ച മറ്റൊരു പഠനം. 1982നും 2023നും ഇടയിൽ ബംഗാൾ ഉൾക്കടലിൽ 100-ലേറെ സമുദ്ര ഉഷ്ണതരംഗങ്ങൾ ഉണ്ടായതായി കണ്ടെത്തി. ഇവയുടെ ആവർത്തനത്തിലും ആകെ തീവ്രതയിലും വർധനയുണ്ടായിട്ടുണ്ട്. ബംഗ്ലാദേശിലെ ഷഹ്ജലാൽ ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സമുദ്രശാസ്ത്ര വിഭാഗമാണ് പഠനം അവതരിപ്പിച്ചത്.

പ്രതിദിന സമുദ്രോപരിതല താപനിലയുടെ വിവരങ്ങൾ വിശകലനം ചെയ്തപ്പോൾ, പ്രത്യേകിച്ച് 2000-ന് ശേഷം സമുദ്ര ഉഷ്ണതരംഗങ്ങളുടെ ആവർത്തനം വർധിച്ചതായി കണ്ടെത്തി. 2016ൽ അതിതീവ്രവും ദീർഘകാലം നീണ്ടുനിന്നതുമായ ഉഷ്ണതരംഗങ്ങൾ രേഖപ്പെടുത്തിയിരുന്നു. ആഗസ്ത്, നവംബർ മാസങ്ങളിലാണ് ഇവ കൂടുതലായി ഉണ്ടായത്. അതേസമയം, ഏറ്റവും തീവ്രമായ ഉഷ്ണതരംഗങ്ങൾ പൊതുവെ മൺസൂണിന് മുമ്പുള്ള മാസങ്ങളിലാണ് രേഖപ്പെടുത്തിയത്.

ഇത് സമുദ്ര ആവാസവ്യവസ്ഥയ്ക്ക് ഗുരുതരമായ ഭീഷണിയാകുമെന്ന് ഗവേഷകർ മുന്നറിയിപ്പ് നൽകുന്നു.

കഴിഞ്ഞ പത്ത് വർഷത്തിനിടെ സംസ്ഥാനത്തെ കണ്ടൽക്കാട് വിസ്തൃതിയിൽ വർധനയുണ്ടായതായി പഠനം. തീരദേശ പരിസ്ഥിതിക്ക് പ്രതീക്ഷ നൽകുന്ന പഠനം സിഎംഎഫ്ആർഐയിലെ അന്താരാഷ്ട്ര സമുദ്ര സിമ്പോസിയത്തിൽ അവതരിപ്പിച്ചു. സിഎംഎഫ്ആർഐ നടത്തിയ പഠനത്തിൽ 2017ലെയും 2026ലെയും ഉപഗ്രഹ ചിത്രങ്ങൾ താരതമ്യം ചെയ്താണ് കേരളത്തിലെ തീരദേശ ജില്ലകളിലെ കണ്ടൽക്കാടുകളുടെ വിസ്തൃതിയിലുണ്ടായ മാറ്റങ്ങൾ വിലയിരുത്തിയത്. കഴിഞ്ഞ അഞ്ച് പതിറ്റാണ്ടിനിടെ കേരളത്തിന് ഏകദേശം 90 ശതമാനം കണ്ടൽക്കാടുകൾ നഷ്ടമായിട്ടുണ്ടെങ്കിലും, സമീപകാലത്ത് മൊത്തത്തിലുള്ള വിസ്തൃതിയിൽ വർധനയുണ്ടായെന്നാണ് കണ്ടെത്തൽ.

മീനുകളുടെ പ്രജനനത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ആവാസകേന്ദ്രങ്ങളാണ് കണ്ടൽക്കാടുകൾ. ചുഴലിക്കാറ്റുകൾ, കൊടുങ്കാറ്റുകൾ, കടൽക്ഷോഭം എന്നിവയിൽനിന്ന് തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനൊപ്പം അന്തരീക്ഷത്തിലെ കാർബൺ ആഗിരണം ചെയ്യുന്നതിലും ഇവ നിർണായക പങ്കു വഹിക്കുന്നു. ഉപഗ്രഹ അധിഷ്ഠിത നിരീക്ഷണത്തിലൂടെ കണ്ടൽക്കാടുകളുടെ പുനരുജ്ജീവനം വിലയിരുത്താനും തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനും കഴിയുമെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു.

ട്രെവർ പ്ലാറ്റ് സയൻസ് ഫൗണ്ടേഷൻ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല കെമിക്കൽ ഓഷ്യാനോഗ്രഫി വിഭാഗം, സിഎംഎഫ്ആർഐ, മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവ സംയുക്തമായാണ് മൂന്ന് ദിവസത്തെ അന്താരാഷ്ട്ര സിമ്പോസിയം സംഘടിപ്പിച്ചത്.

വാഹനമോഡിഫിക്കേഷന് അനുമതി നൽകാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല: ഗതാഗത മന്ത്രി

തിരുവനന്തപുരം: വാഹനമോഡിഫിക്കേഷന് അനുമതി നൽകാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലെന്ന് ഗതാഗത മന്ത്രി സി.പി. ജോൺ. മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വാഹനങ്ങളുടെ രൂപമാറ്റം കേന്ദ്ര നിയമങ്ങൾക്കും സുരക്ഷാ മാനദണ്ഡങ്ങൾക്കും വിധേയമായിരിക്കണമെന്നും മന്ത്രി വ്യക്തമാക്കി.

അനധികൃത മോഡിഫിക്കേഷന് 5000 രൂപ വീതം പിഴ ഈടാക്കും. മെയ് 18 മുതൽ സെപ്റ്റംബർ 30 വരെ അനധികൃത രൂപമാറ്റത്തിന് 5.53 കോടി രൂപ പിഴ ചുമത്തിയതായി മന്ത്രി സഭയിൽ രേഖാമൂലം അറിയിച്ചു.

വാഹനമോഡിഫിക്കേഷൻ നടക്കില്ല എന്ന് സ്ഥിരീകരിക്കാൻ കഴിയുന്ന മറുപടിയായാണ് മന്ത്രിയുടെ രേഖാമൂലമുള്ള പരാമർശങ്ങൾ കണക്കിലാക്കുന്നത്. യുഡിഎഫ് സർക്കാർ അധികാരമേൽക്കുന്നതിന് മുമ്പ് തന്നെ വാഹനമോഡിഫിക്കേഷന് അനുമതി നൽകുമെന്നായിരുന്നു മുഖ്യമന്ത്രി വി.ഡി. സതീശൻറെ വാഗ്ദാനം. അന്ന് മുതൽ തന്നെ വിഷയം കേന്ദ്ര സർക്കാരിൻറെ അധികാരത്തിന് കീഴിൽ വരുന്നതാണെന്ന ചർച്ചകൾ സജീവമായിരുന്നു.

എന്നാൽ കെ.എൻ. ബാലഗോപാലിൻറെ ചോദ്യങ്ങൾക്ക് ഗതാഗത മന്ത്രി തന്നെ ഇപ്പോൾ നൽകുന്ന മറുപടി മുഖ്യമന്ത്രിയുടെ വാഗ്ദാനം വാഗ്ദാനമായി തന്നെ അവശേഷിക്കുമെന്ന് വ്യക്തമാക്കുന്നതാണ്. മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 52 പ്രകാരം വാഹന ഉടമയ്ക്ക് ആർസിയിൽ ഒരു തരത്തിലുള്ള മാറ്റവും വരുത്താൻ കഴിയില്ല. അഥവാ നിറം അടക്കം ഉള്ളവ മാറ്റണമെങ്കിൽ സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ അനുവദിക്കൂ എന്നും നിയമം വ്യക്തമാക്കുന്നുണ്ട്.

ബിഹാറിലെ ആർജെഡി നേതാവിൻറെ കൊലപാതകം; മുഖ്യപ്രതി കൊല്ലത്ത് പിടിയിൽ

കൊല്ലം: ബിഹാറിലെ ആർജെഡി നേതാവും ജില്ലാ പഞ്ചായത്ത് അംഗവുമായ ബൈദ്യനാഥ് മഹ്തോയെ വെടിവെച്ചു കൊലപ്പെടുത്തിയ കേസിലെ മുഖ്യപ്രതിയെ കൊല്ലത്തു നിന്ന് പൊലിസ് അറസ്റ്റ് ചെയ്തു. ബിഹാർ സ്വദേശി മുഹമ്മദ് അജാജ് അഹമ്മദിനെയാണ് (32) കൊല്ലം ആണ്ടാമുക്കത്തുനിന്ന് കൊല്ലം സിറ്റി പൊലിസും ബിഹാർ പൊലിസും സംയുക്തമായി പിടികൂടിയത്.

ഇൻറലിജൻസ് വിഭാഗത്തിന് ലഭിച്ച രഹസ്യവിവരത്തിൻറെ അടിസ്ഥാനത്തിലായിരുന്നു അറസ്റ്റ്. കഴിഞ്ഞ സെപ്റ്റംബറിൽ ബിഹാറിലെ സീതാമർഹി ജില്ലയിലെ കേതരിയയിൽ വെച്ചാണ് ബൈദ്യനാഥ് മഹ്തോ വെടിയേറ്റ് കൊല്ലപ്പെട്ടത്. മോട്ടോർ സൈക്കിളിലെത്തിയ അക്രമിസംഘമായിരുന്നു കൊലപാതകം നടത്തിയത്. കൊലപാതകത്തിന് പിന്നാലെ കേരളത്തിലെത്തിയ അജാജ് കൊല്ലം ആണ്ടാമുക്കത്ത് കുടുംബത്തോടൊപ്പം വാടകയ്ക്ക് താമസിച്ചുവരുകയായിരുന്നു.

കൊല്ലത്തെ വിവിധ കടകളിലും വീടുകളിലും ഡ്രൈവറായി ജോലി ചെയ്തുവരികയായിരുന്നു ഇയാളെന്ന് പൊലിസ് കണ്ടെത്തി. അടുത്തിടെ ഒരു അഭിഭാഷകൻറെ വീട്ടിലും ഡ്രൈവറായി ജോലി ചെയ്തിരുന്നതായി അന്വേഷണത്തിൽ വ്യക്തമായി. ബിഹാറിലെ നിരവധി ക്രിമിനൽ കേസുകളിൽ ഇയാൾ പ്രതിയാണെന്ന് അന്വേഷണ സംഘം വ്യക്തമാക്കി.

കള്ളനോട്ടു നൽകി വ്യാപാരികളെ കബളിപ്പിച്ച കേസ്; പ്രതി പിടിയിൽ

കോട്ടയം: കള്ളനോട്ട് നൽകി വ്യാപാരികളെ കബളിപ്പിച്ച് കടന്നുകളഞ്ഞ പ്രതിയെ വൈക്കം പൊലിസ് അറസ്റ്റ് ചെയ്തു. വൈക്കം, തലയാഴം, വെച്ചൂർ മേഖലകളിലെ കടകളിൽ കള്ളനോട്ട് നൽകി കബളിപ്പിച്ച കൊല്ലം പത്തനാപുരം സ്വദേശി അബ്ദുൾ റഷീദിനെയാണ് (65) വെള്ളിയാഴ്ച രാവിലെ അറസ്റ്റ് ചെയ്തത്.

കുമരകത്തിന് സമീപം ഇല്ലിക്കലിൽ ഇയാൾ താമസിക്കുന്ന വീട്ടിൽ നടത്തിയ പരിശോധനയിൽ കള്ളനോട്ട് അച്ചടിക്കാൻ ഉപയോഗിച്ച പ്രിൻറർ ഉൾപ്പെടെയുള്ള ഉപകരണങ്ങളും കള്ളനോട്ടുകളും പിടിച്ചെടുത്തു. കള്ളനോട്ട് വിപണനം ചെയ്തതുമായി ബന്ധപ്പെട്ട് ഇയാൾക്കെതിരെ പത്തോളം കേസുകൾ നിലവിലുണ്ടെന്ന് പൊലിസ് അറിയിച്ചു. വൈക്കത്തെ വിവിധ സ്ഥലങ്ങളിൽ കാറിലെത്തിയായിരുന്നു ഇയാളുടെ തട്ടിപ്പ്.

തിരക്കുള്ള കടകളിൽ കയറി 100 രൂപയിൽ താഴെ വിലയുള്ള സാധനങ്ങൾ വാങ്ങിയ ശേഷം 500 രൂപയുടെ കള്ളനോട്ട് നൽകുകയായിരുന്നു പതിവ്. വിവിധ കടകളിലെ സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് പൊലിസ് നടത്തിയ അന്വേഷണമാണ് പ്രതിയിലേക്ക് എത്തിയത്. തുടർന്ന് നടത്തിയ നീക്കത്തിലാണ് ഇല്ലിക്കലിലെ വാടകവീട്ടിൽ നിന്ന് ഇയാളെ പിടികൂടിയത്.

ഊർജപ്രതിസന്ധി പരിഹരിക്കാൻ കർമപദ്ധതി വേണം

തിരുവനന്തപുരം: സംസ്ഥാനത്തെ ഊർജപ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി കർമപദ്ധതി തയാറാക്കണമെന്ന് പാർലമെൻറ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി. പീക്ക് സീസണുകളിൽ വൈദ്യുതി ലഭ്യത ഉറപ്പാക്കാൻ കേന്ദ്ര-സംസ്ഥാന ഊർജ സെക്രട്ടറിമാരും എൻടിപിസി ചെയർമാനും സംയുക്ത ചർച്ച നടത്തണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. പിഎസി ചെയർമാൻ കെ.സി.വേണുഗോപാലാണ് ഇക്കാര്യം അറിയിച്ചത്.

350 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ ശേഷിയുള്ള കായംകുളം എൻടിപിസി പ്ലാൻറിൽ നിലവിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നില്ലെന്ന കാര്യവും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രതിവർഷം 100 കോടി രൂപയാണ് പ്രവർത്തനച്ചെലവിനായി കേരളം എൻടിപിസിക്ക് നൽകുന്നത്. എന്നാൽ ഇതിൻറെ പ്രയോജനം സംസ്ഥാനത്തിന് ലഭിക്കുന്നില്ലെങ്കിൽ എൻടിപിസിക്ക് സർക്കാർ നൽകിയ ഭൂമി തിരിച്ചെടുക്കേണ്ടിവരുമെന്നും കെ.സി. വേണുഗോപാൽ മുന്നറിയിപ്പ് നൽകി. കേരളത്തിലെ ഊർജ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള കൃത്യമായ പദ്ധതി തയാറാക്കി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഊർജ സെക്രട്ടറിയും സംസ്ഥാന ഊർജ സെക്രട്ടറിയും എൻടിപിസി ചെയർമാനും ചേർന്ന് ചർച്ച നടത്തി പരിഹാര മാർഗങ്ങൾ കണ്ടെത്തണമെന്നാണ് നിർദേശം. വൈദ്യുതി ഉത്പാദനശേഷിയുള്ള പ്ലാൻറ് പ്രവർത്തനരഹിതമായി തുടരുന്നതും സംസ്ഥാനത്തിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതും ഗൗരവമായി പരിശോധിക്കേണ്ട വിഷയമാണെന്നും അദ്ദേഹം വ്യക്തമാക്കി.

വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ ഒരവസരം കൂടി

ന്യൂഡൽഹി: എസ്ഐആർ നടപടികളുടെ ഭാഗമായി വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവർക്ക് പേര് വീണ്ടും ചേർക്കാൻ അവസരം. ഒഴിവാക്കപ്പെട്ട വോട്ടർമാർക്ക് എന്യൂമറേഷൻ ഫോം പൂരിപ്പിച്ച് സമർപ്പിക്കാനുള്ള അവസരം വീണ്ടും നൽകാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. മഹാരാഷ്ട്ര, ഹരിയാന, ആന്ധ്രാപ്രദേശ്, ജാർഖണ്ഡ്, തെലങ്കാന, നാഗാലാൻഡ്, ഡൽഹിയിലെയും ചീഫ് ഇലക്ടറൽ ഓഫീസർമാർക്കാണ് കമ്മീഷൻ നിർദേശം നൽകിയിരിക്കുന്നത്. എന്യൂമറേഷൻ ഫോമുകൾ ലഭിച്ചിട്ടും വിവിധ കാരണങ്ങളാൽ വോട്ടർ പട്ടികയിൽ നിന്ന് പുറത്തായവരെ സഹായിക്കുകയാണ് നടപടിയുടെ ലക്ഷ്യം. പുതിയ നിർദേശപ്രകാരം ഒഴിവാക്കപ്പെട്ട വോട്ടർമാരുടെ ബൂത്ത് തിരിച്ചുള്ള പട്ടികകൾ വീണ്ടും പ്രസിദ്ധീകരിക്കും. ഇവ പോളിംഗ് സ്റ്റേഷനുകളിലും തദ്ദേശ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിനൊപ്പം വെബ്സൈറ്റിൽ പിഡിഎഫ് രൂപത്തിലും ലഭ്യമാക്കും. പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവർക്ക് തങ്ങളുടെ എന്യൂമറേഷൻ ഫോം വീണ്ടും പൂരിപ്പിച്ച് സമർപ്പിക്കാം.


ഇതിനായി നേരത്തെ ഉപയോഗിച്ച അതേ ഇപിക് നമ്പർ തന്നെ ഉപയോഗിക്കാമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. ഭാഗികമായി പൂരിപ്പിച്ച ഫോമുകൾ ബൂത്ത് ലെവൽ ഓഫീസർമാർ വാട്സാപ്പ്, ഇമെയിൽ തുടങ്ങിയ മാർഗങ്ങളിലൂടെ വോട്ടർമാർക്ക് കൈമാറും. തെരഞ്ഞെടുപ്പ് കമ്മീഷൻറെ വെബ്സൈറ്റ് വഴിയോ ആപ്പ് വഴിയോ ഫോമുകൾ ഡൗൺലോഡ് ചെയ്ത് സമർപ്പിക്കാനും സൗകര്യമുണ്ടാകും. അതേസമയം താമസം മാറിയ വോട്ടർമാർ ഇനി ഫോം-8 സമർപ്പിക്കേണ്ടതില്ല.

പകരം പുതിയ വിലാസം വ്യക്തമാക്കുന്ന പ്രസ്താവനയോടൊപ്പം എന്യൂമറേഷൻ ഫോം സമർപ്പിച്ചാൽ മതിയാകും. ഭവനരഹിതരായ വോട്ടർമാരുടെ കാര്യത്തിൽ ബിഎൽഒ നടത്തുന്ന സ്ഥലപരിശോധനയുടെ റിപ്പോർട്ട് വിലാസരേഖയായി പരിഗണിക്കും. അർഹരായ ഒരു വോട്ടർ പോലും വോട്ടർ പട്ടികയിൽ നിന്ന് പുറത്താകുന്നില്ലെന്ന് ഉറപ്പാക്കുകയാണ് നടപടിയുടെ പ്രധാന ലക്ഷ്യം.

മൈക്രോഫിനാൻസ് കേസ്: വെള്ളാപ്പള്ളിക്കെതിരേ കുറ്റപത്രം നൽകണമെന്ന് ഹൈക്കോടതി

കൊച്ചി: മൈക്രോ ഫിനാൻസ് കേസിൽ എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന് തിരിച്ചടി. കേസിൽ പ്രതികൾക്കെതിരേ കുറ്റപത്രം നൽകുന്നതിന് സർക്കാരിന് പ്രോസിക്യൂഷൻ അനുമതി ആവശ്യമില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി.

വെള്ളാപ്പള്ളിക്കെതിരേ രണ്ടാഴ്ചയ്ക്കകം കുറ്റപത്രം നൽകാനും ഹൈക്കോടതി ആവശ്യപ്പെട്ടു. ജസ്റ്റീസ് എ. ബദറുദ്ദീനാണ് നിർണായക ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചത്. പ്രോസിക്യൂഷൻ അനുമതിയുമായി ബന്ധപ്പെട്ട തർക്കത്തിൽ ഈ കേസിൽ കുറ്റപത്രം നൽകുന്നത് വൈകുകയായിരുന്നു. ഇക്കാര്യം പരിശോധിച്ച കോടതി, വെള്ളാപ്പള്ളി അടക്കമുള്ള പ്രതികൾക്കെതിരേ രണ്ടാഴ്ചയ്ക്കകം കുറ്റപത്രം നൽകാൻ എസ്പി എസ്. ശശിധരന് നിർദേശം നൽകി.



യുവേഫ യൂറോപ്പ ലീഗ്: ബെൻഫിക്കയ്ക്ക് തകർപ്പൻ ജയം

ലിസ്ബൺ: യുവേഫ യൂറോപ്പ ലീഗ് ഫുട്ബോളിൽ ബെൻഫിക്കയ്ക്ക് തകർപ്പൻ ജയം. വ്യാഴാഴ്ച നടന്ന മത്സരത്തിൽ ലെഷ് പൊസ്നാനെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ചു.

റാഫ സിൽവയും ജിയാൻ ലൂക്ക പ്രെസ്റ്റിയാനിയും ഹിയോർഹൈ സുഡാകോവും ആണ് ഗോളുകൾ നേടിയത്. ലിയോ ബെംഗ്റ്റ്സണാണ് ലെഷ് പൊസ്നാന് വേണ്ടി ഗോൾ സ്കോർ ചെയ്തത്. വിജയത്തോടെ ബെൻഫിക്കയ്ക്ക് 12 പോയിൻറായി. നിലവിൽ ലീഗ് ടേബിളിൽ ഒന്നാം സ്ഥാനത്താണ് ബെൻഫിക്ക.

ഞായറാഴ്ച വരെ ഇടിവെട്ട് മഴ തുടരും

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ പ്രവചനം. ഒറ്റപ്പെട്ടയിടങ്ങളിൽ ഞായറാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും; തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും സാധ്യതയുണ്ട്.

വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, വയനാട് ജില്ലകളിൽ യെല്ലോ അലർട്ടാണ്.

കൂടാതെ, ശനിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും; ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതേസമയം, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

സോഷ്യലിസ്റ്റ് വിജയം ദുരന്തം; നിത്യാ രാമൻറെ വിജയത്തിനെതിരേ ട്രംപ്

ലോസ് ആഞ്ചലസ് അമേരിക്കയിലെ രണ്ടാമത്തെ വലിയ നഗരമായ ലോസ് ആഞ്ചലസിൻറെ മേയർ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയനിരീക്ഷകരെ ഒന്നടങ്കം ഞെട്ടിച്ചുകൊണ്ട് മലയാളിയായ നിത്യ വി. രാമന് ചരിത്രവിജയം. അതേസമയം, ചരിത്രപ്രാധാന്യമുള്ള നഗരങ്ങളിൽ സോഷ്യലിസ്റ്റുകൾ അധികാരം പിടിച്ചത് ദുരന്തമായിരിക്കുമെന്ന വിമർശവുമായി അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് രംഗത്തുവന്നു.

ചൊവ്വാഴ്ച നടന്ന ആവേശകരമായ പോരാട്ടത്തിൽ 52.70 ശതമാനം വോട്ടുകൾ നേടിയാണ് ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് നേതാവും സിറ്റി കൗൺസിലറുമായ നിത്യ, നിലവിലെ മേയറും ഡെമോക്രാറ്റിക് പാർട്ടിയിലെ മുതിർന്ന നേതാവുമായ കാരൻ ബാസിനെ (47.30 ശതമാനം വോട്ട്) അട്ടിമറിച്ചത്. ലോസ് ആഞ്ചലസിൻറെ മേയർ പദവിയിലെത്തുന്ന ആദ്യ ഇന്ത്യൻ വംശജയും ആദ്യ ദക്ഷിണേഷ്യക്കാരിയുമാണ് നിത്യ. ഒരുഘട്ടത്തിലും തെരഞ്ഞെടുപ്പിൽ തോറ്റിട്ടില്ലാത്ത രാഷ്ട്രീയ അതികായനായ കാരൻ ബാസിനെതിരേ ചെറുപ്പക്കാരായ വോട്ടർമാരുടെ ശക്തമായ പിന്തുണയോടെയാണ് നിത്യ ഈ വലിയ വിജയം സ്വന്തമാക്കിയത്.

വ്യാഴാഴ്ച സമൂഹമാധ്യമത്തിലൂടെ തോൽവി സമ്മതിച്ച കാരൻ ബാസ്, നിത്യ രാമനെ ഫോണിൽ വിളിച്ച് അഭിനന്ദനങ്ങൾ അറിയിക്കുകയും സുഗമമായ ഭരണമാറ്റം ഉറപ്പാക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തു.

ന്യൂയോർക്ക് സിറ്റി മേയർ സോഹ്റാൻ മംദാനി, വാഷിംഗ്ടൺ ഡിസി മേയർ ജനീസ് മൂയിസ് ജോർജ് എന്നിവർക്കു പിന്നാലെ നിത്യ രാമനും വിജയിച്ചതോടെ അമേരിക്കയിലെ പ്രധാന നഗരങ്ങളുടെ ഭരണനേതൃത്വത്തിലേക്ക് ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് നേതാക്കൾ എത്തുന്നത് ശ്രദ്ധേയമായ രാഷ്ട്രീയ മാറ്റമായി വിലയിരുത്തപ്പെടുന്നു.

വിജയത്തിനുശേഷം ലോസ് ആഞ്ചലസിലെ ഒറിജിനൽ ഫാർമേഴ്സ് മാർക്കറ്റിനു പുറത്ത് മാധ്യമങ്ങളെ കണ്ട നിത്യ രാമൻ വികാരാധീനയായി. ലോസ് ആഞ്ചലസിലെ ജനങ്ങളോട് ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നു. നഗരത്തെ മഹത്തരമായ ഒരു ഭാവിയിലേക്കു നയിക്കാൻ നമുക്ക് ഒന്നിച്ചു മുന്നോട്ടുപോകാം -നിത്യ രാമൻ പ്രതികരിച്ചു.

നഗരത്തിലെ പാർപ്പിട പ്രതിസന്ധി, ഭവനരഹിതർക്കുള്ള സഹായങ്ങൾ, പൊതു സുരക്ഷ, അടിസ്ഥാനസൗകര്യ വികസനം, ഹോളിവുഡ് മേഖലയിലെ തൊഴിൽ സംരക്ഷണം എന്നിവ പരിഹരിച്ചു നഗരസഭയെ വലിയ മാറ്റങ്ങളോടെ പുനഃസംഘടിപ്പിക്കുകയാണ് തൻറെ ലക്ഷ്യമെന്നു നിത്യ വ്യക്തമാക്കി. പ്രമുഖ ശതകോടീശ്വരൻ റിക്ക് കരുസോ ഉൾപ്പടെയുള്ളവർ നിത്യയ്ക്ക് അഭിനന്ദനങ്ങൾ അറിയിച്ചു.

കഴിഞ്ഞ വർഷം ലോസ് ആഞ്ചലസിലുണ്ടായ വൻ കാട്ടുതീയും അതിനെത്തുടർന്നുണ്ടായ ദുരന്തങ്ങളുമാണ് തെരഞ്ഞെടുപ്പിൽ ഏറ്റവും നിർണായകമായത്. ഡസൻകണക്കിന് ആളുകളുടെ ജീവനെടുക്കുകയും നിരവധി വീടുകൾ ചാമ്പലാക്കുകയും ചെയ്ത ദുരന്തസമയത്ത് മേയർ കാരൻ ബാസിൻറെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളും നഗരസഭയുടെ മോശം ഏകോപനവും വലിയ പ്രതിഷേധത്തിനു കാരണമായിരുന്നു.

വരാനിരിക്കുന്ന 2027 സൂപ്പർ ബൗൾ, 2028 സമ്മർ ഒളിമ്പിക്സ് എന്നിവയ്ക്ക് ആതിഥേയത്വം വഹിക്കുകയെന്നതാണ് പുതിയ മേയറായ നിത്യ രാമന് മുന്നിലുള്ള പ്രധാന ചുമതല.

ചോറ്റാനിക്കരയിൽ കൊല്ലപ്പെട്ട സ്ത്രീയുടെ മരണത്തിൽ അറസ്റ്റിലായ സജിതയുടെ വിചിത്രമൊഴി

കൊച്ചി: ചോറ്റാനിക്കരയിൽ ക്ഷേത്ര സത്രത്തിലെ മുറിയിൽ വച്ച് ഇരട്ട സഹോദരിയെ കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായ സജിത സഹോദരിയുടെ മരണത്തെക്കുറിച്ച് പറയുന്നത് വിചിത്രമായ കാര്യങ്ങൾ. സഹോദരി കണ്ണൂർ കാഞ്ഞിരോട് കൂടാളി തളമുണ്ട കുറുവ വീട്ടിൽ സബിതയെ (45) കൊന്നത് താനാണെന്നും കൊല്ലാൻ തോന്നിയത് കൊണ്ട് കൊന്നതാണെന്നും പറഞ്ഞ സജിത പ്രധാനമായി പറയുന്നത് അമ്മ വിളിച്ചു കൊണ്ടു പോയതാണെന്നാണ്.

കഴിഞ്ഞ ചൊവ്വാഴ്ച രാത്രിയായിരുന്നു സഹോദരിയെ മർദ്ദിച്ചും ശ്വാസം മുട്ടിച്ചും സജിത കൊലപ്പെടുത്തിയത്. തല ഭിത്തിയിലിടിപ്പിച്ചതായും മുഖത്ത് വെള്ളം ഒഴിച്ച് ശ്വാസം മുട്ടിച്ചതായും പറയുന്നു.

ഒരു മുറിയിൽ ഇത്രയെല്ലാം കാര്യങ്ങൾ നടന്നിട്ടും മുറിയിലുണ്ടായിരുന്ന സഹോദരൻ സുധീർ, താനിതൊന്നും അറിഞ്ഞില്ല, ഉറക്കത്തിലായിരുന്നുവെന്ന് പറയുന്നതാണ് അതിലേറെ വിചിത്രമായത്. മുറിയിലെ അടയാളങ്ങളും മറ്റും നീക്കി സുധീറാണ് ബുധനാഴ്ച രാവിലെ സഹോദരി കട്ടിലിൽ നിന്നു വീണു കിടക്കുന്നുവെന്ന് പുറത്തറിയിച്ചത്.

കഴിഞ്ഞ ഒന്നര വർഷമായി മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സയിലായിരുന്നു സഹോദരിമാരെന്നാണ് പറയുന്നത്. ഒക്ടോബർ 29നാണ് ഇരുവരും ചോറ്റാനിക്കര ദേവീക്ഷേത്രത്തിൽ ഭജനയ്ക്കായി എത്തിയത്. മൂന്നുദിവസത്തെ ഭജനയ്ക്കുശേഷം നവംബർ രണ്ടിന് നാട്ടിലേക്ക് മടങ്ങി, എങ്കിലും റെയിൽവേ സ്റ്റേഷനിൽവച്ച് സബിത അസ്വസ്ഥത പ്രകടിപ്പിച്ചതിനെത്തുടർന്ന് വീണ്ടും ക്ഷേത്രത്തിലെത്തുകയായിരുന്നു.

മേൽശാന്തിയുടെ നിർദ്ദേശാനുസരണം ചോറ്റാനിക്കര സത്രത്തിൽ വീണ്ടും മുറിയെടുത്ത് ഭജന തുടരുകയായിരുന്നുവെന്നാണ് പറയുന്നത്. സംഭവത്തിൽ അറസ്റ്റിലായ സജിത യെ റിമാൻഡ് ചെയ്തു. സുധീർ പൊലീസ് കസ്റ്റഡിയിൽ നിരീക്ഷണത്തിലാണ്.

ട്യൂട്ടർ/ ഡെമോൺസ്ട്രേറ്റർ, ജൂനിയർ റസിഡന്റ് ഒഴിവ്: വാക്ക് ഇൻ ഇന്റർവ്യൂ നവംബർ 19ന്

വയനാട് സർക്കാർ മെഡിക്കൽ കോളജിൽ വിവിധ വകുപ്പുകളിലായി ട്യൂട്ടർ/ ഡെമോൺസ്ട്രേറ്റർ, ജൂനിയർ റസിഡന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നു. പ്രതിമാസം 52,000 രൂപ ഏകീകൃത ശമ്പളത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. എം.ബി.ബി.എസ്. യോഗ്യതയും, ടി.സി.എം.സി./ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം. താത്പര്യമുള്ള ഉദ്യോഗാർഥികൾ മാർക്ക് ലിസ്റ്റ് ഉൾപ്പെടെയുള്ള രേഖകൾ, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം നവംബർ 19 രാവിലെ 11ന് വയനാട് സർക്കാർ മെഡിക്കൽ കോളജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നടത്തുന്ന വാക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കണം. വിവരങ്ങൾക്ക്: 04935 299424.

സിജെപി നേതാക്കൾക്ക് വിദേശ ഫണ്ട് ലഭിച്ചു; ഗുരുതര ആരോപണങ്ങളുമായി ജിതേന്ദ്ര സിംഗ്

ന്യൂഡൽഹി: കോക്രോച്ച് ജനതാ പാർട്ടിക്കെതിരെ ഗുരുതര ആരോപണങ്ങളുമായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. വിദേശത്തുള്ള സന്നദ്ധ സംഘടനകളിൽ നിന്നും ഇന്ത്യയ്ക്ക് എതിരായി പ്രവർത്തിക്കുന്ന വിദേശ ശൃംഖലകളിൽ നിന്നും നിയമവിരുദ്ധമായി സിജെപി പണം സ്വീകരിക്കുന്നതായാണ് ആരോപണം.

സിജെപി പ്രവർത്തകർ നിയമവിരുദ്ധമായി പണം സ്വീകരിച്ച് രാജ്യത്ത് അസ്വസ്ഥത സൃഷ്ടിക്കാൻ ശ്രമിക്കുന്നുവെന്നും ജിതേന്ദ്ര സിംഗ് കുറ്റപ്പെടുത്തി. സിജെപി സ്ഥാപകൻ അഭിജിത് ദീപ്കെയ്ക്കും സംഘടനയുടെ വക്താക്കളിൽ ഒരാളായ അശുതോഷ് റാങ്കെയ്ക്കും വിദേശത്ത് നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടെന്നും മന്ത്രി ആരോപിച്ചു.

ബംഗളൂരുവിൽ മാധ്യമങ്ങളോട് സംസാരിക്കവെയാണ് ജിതേന്ദ്ര സിംഗ് ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്. ദീപ്കെയ്ക്ക് അമേരിക്ക ആസ്ഥാനമായുള്ള വ്യക്തികളിൽനിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടെന്നും അശുതോഷ് റാങ്കെയ്ക്ക് പാക്കിസ്ഥാൻ രാഷ്ട്രീയക്കാരിൽ നിന്ന് പണം ലഭിച്ചിട്ടുണ്ടെന്നുമായിരുന്നു കേന്ദ്രമന്ത്രി ആരോപിച്ചു.

ടിവികെ എംഎൽഎയ്ക്ക് 30 കോടി രൂപ വാഗ്ദാനം ചെയ്ത കേസ്; എഐഎഡിഎംകെ നേതാവ് അറസ്റ്റിൽ

മധുര: സർക്കാരിനെതിരെ അവിശ്വാസ പ്രമേയം കൊണ്ടുവരുന്നതിൻറെ ഭാഗമായി ഭരണകക്ഷിയായ ടിവികെയുടെ എംഎൽഎയെ സ്വാധീനിക്കാൻ ശ്രമിച്ച കേസിൽ എഐഎഡിഎം നേതാവ് പി.എം. മന്നൻ അറസ്റ്റിൽ. മധുര സിറ്റി സെൻട്രൽ ക്രൈം ബ്രാഞ്ച് ആണ് മന്നനെ അറസ്റ്റ് ചെയ്തത്.

മധുര സെൻട്രൽ ടിവികെ എംഎൽഎ മദർ ബദ്റുദ്ദീൻ എന്ന മുസ്തഫയ്ക്ക് 15 കോടി മുതൽ 30 കോടി രൂപ വരെ കൈക്കൂലി വാഗ്ദാനം ചെയ്തുവെന്നാണ് മന്നനെതിരെയുള്ള കേസ്. എംഎൽഎയുടെ സഹായി കണ്ണ വഴിയിലൂടെയാണ് ഈ അനധികൃത വാഗ്ദാനം നൽകിയതെന്നാണ് റിപ്പോർട്ട്.

പൊലിസ് വൃത്തങ്ങൾ നൽകുന്ന വിവരം അനുസരിച്ച്, ഡെപ്യൂട്ടി കമ്മീഷണർ എം.പി. ദിവ്യയുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം നാല് മണിക്കൂറിലധികം മണ്ണാനെ ചോദ്യം ചെയ്തു. നേതാവിൻറെ അറസ്റ്റിനെ തുടർന്ന് വൻ ജനക്കൂട്ടം സ്ഥലത്ത് തടിച്ചുകൂടിയതിനെ തുടർന്ന് പ്രദേശത്ത് സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

അദ്ദേഹത്തെ കോടതിയിൽ ഹാജരാക്കാനുള്ള നടപടികൾ അധികൃതർ വേഗത്തിലാക്കി വരികയാണ്. ഇതിനിടയിൽ, ഔദ്യോഗികമായി പരാതി നൽകിയ എംഎൽഎയുടെ സഹായി കണയെയും അന്വേഷണ ഉദ്യോഗസ്ഥർ ചോദ്യം ചെയ്യുന്നുണ്ട്.

കുതിരക്കച്ചവടത്തിന് പിന്നിലെ വിശാലമായ ശൃംഖല പുറത്തുകൊണ്ടുവരുന്നതിനായി ഫോൺ സംഭാഷണങ്ങളും ഓഡിയോ തെളിവുകളും സിസിബി പരിശോധിച്ചു വരികയാണ്. ടിവികെ സർക്കാരിനെ അട്ടിമറിക്കാൻ ലക്ഷ്യമിട്ടുള്ള ഈ ഗൂഢാലോചനയിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് പ്രധാന വ്യക്തികളെ കണ്ടെത്താനുള്ള ശ്രമത്തിലാണ് പൊലിസ്.

പാർട്ടിയുടെ ആദ്യ സർക്കാരിനെ നയിക്കുന്ന സി. ജോസഫ് വിജയൻറെ നേതൃത്വത്തിലുള്ള ടിവികെ സർക്കാരിനെ വീഴ്ത്താൻ എംഎൽഎമാരെ ചാടിക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് ഭരണകക്ഷിയായ ടിവികെ നേരത്തെയും ആരോപിച്ചിരുന്നു. അധികാരത്തിൽ വന്ന് ഏതാനും ദിവസങ്ങൾക്ക് ശേഷം കഴിഞ്ഞ മെയ് മാസത്തിൽ ടിവികെ സർക്കാർ വിശ്വാസ വോട്ടെടുപ്പിൽ വിജയിച്ചിരുന്നു.

കൊച്ചിയിൽ 35 ഗ്രാം എംഡിഎംഎയുമായി ലഹരി സംഘത്തിലെ പ്രധാനി പിടിയിൽ

കൊച്ചി: ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി കൊച്ചിയിൽ നടത്തിയ പരിശോധനയിൽ വൻ മയക്കുമരുന്ന് വേട്ട. ബംഗളൂരുവിൽ നിന്നും കൊച്ചിയിലേക്ക് വിൽപ്പനയ്ക്കായി എത്തിച്ച 35 ഗ്രാം എംഡിഎംഎയുമായി തൃശൂർ സ്വദേശി സിറാജ് (46) ആണ് കൊച്ചി സിറ്റി ഡാൻസഫ് സംഘത്തിൻറെ പിടിയിലായത്. നിലവിൽ തൃപ്പൂണിത്തുറ എരൂർ ഭാഗത്താണ് ഇയാൾ താമസിക്കുന്നത്.

കൊച്ചിയിൽ മയക്കുമരുന്ന് വിൽപ്പന നടത്തുന്ന പ്രധാന കണ്ണികളിൽ ഒരാളാണ് പിടിയിലായ സിറാജ്. തിരുവനന്തപുരം പാറശാല സ്റ്റേഷനിലും എറണാകുളം മരട് സ്റ്റേഷനിലും ഇയാൾക്കെതിരെ മയക്കുമരുന്ന് കേസ് നിലവിലുണ്ട്.

പ്രതി ആരിൽ നിന്നാണ് മയക്കുമരുന്ന് വാങ്ങിയതെന്നും ആർക്കുവേണ്ടിയാണ് ഇത് കൊച്ചിയിൽ എത്തിച്ചതെന്നും സംബന്ധിച്ചുള്ള വിവരങ്ങൾ പൊലിസ് ശേഖരിച്ചിട്ടുണ്ട്.

കൊച്ചി സിറ്റി പൊലിസ് കമ്മീഷണർ ആർ. നിശാന്തിനിക്ക് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിലായിരുന്നു അറസ്റ്റ്.

ഭാര്യയെ കസേരയിൽ കെട്ടിയിട്ട് പെട്രോളൊഴിച്ച് തീവച്ചു കൊലപ്പെടുത്തി; യുവാവ് ഒളിവിൽ

ലക്നോ: ഉത്തർപ്രദേശിലെ കണ്ണൗജിൽ ഭാര്യയെ കസേരയിൽ കെട്ടിയിട്ട് പെട്രോൾ ഒഴിച്ച് തീവച്ചു കൊലപ്പെടുത്തിയ ശേഷം പ്രതി മക്കളുമായി കടന്നുകളഞ്ഞു. സുഖ്ബീർ സിംഗ് (35) എന്ന യുവാവാണ് ഭാര്യ സോനത്തിനെ (30) കൊലപ്പെടുത്തിയത്. വ്യാഴാഴ്ച രാവിലെ ഏഴിനായിരുന്നു സംഭവം.

11 വർഷം മുമ്പ് വിവാഹിതരായവരാണ് സുഖ്ബീർ സിംഗും സോനവും. ഹരിയാനയിലെ ഹിസാറിൽ ജോലി ചെയ്തുവരികയായിരുന്ന സുഖ്ബീർ ഏകദേശം 15 ദിവസങ്ങൾക്ക് മുമ്പാണ് വീട്ടിൽ തിരിച്ചെത്തിയത്. സോനത്തിന് നാട്ടിലെ ഒരു യുവാവുമായി അവിഹിത ബന്ധമുണ്ടെന്ന് സുഖ്ബീർ സംശയിച്ചിരുന്നു. ഇതിൻറെ പേരിൽ കഴിഞ്ഞ രണ്ട് ദിവസമായി ദമ്പതികൾ തമ്മിൽ വഴക്കുണ്ടായിരുന്നു.

വ്യാഴാഴ്ച രാവിലെ സോനത്തെ കസേരയിൽ കെട്ടിയിട്ട് ദേഹത്ത് പെട്രോൾ ഒഴിച്ച് തീ കൊളുത്തുകയായിരുന്നു. തുടർന്ന് ഏഴ് വയസുള്ള മകനും അഞ്ച് വയസുള്ള മകളുമായി പ്രതി സംഭവസ്ഥലത്തുനിന്ന് രക്ഷപ്പെട്ടു.

വീടുകൂടി കത്തുന്നത് കണ്ട് അയൽവാസികൾ ഓടിയെത്തുകയും പൊലിസിലും ഫയർഫോഴ്സിലും വിവരം അറിയിക്കുകയുമായിരുന്നു. ഒന്നര മണിക്കൂറോളം പരിശ്രമിച്ചാണ് ഫയർ ഫോഴ്സ് തീയണച്ചത്. തുടർന്ന് നടത്തിയ പരിശോധനയിലാണ് സോനത്തിൻറെ മൃതദേഹം കണ്ടെടുത്തത്. ഒളിവിൽ പോയ പ്രതിക്കായി പൊലിസ് തെരച്ചിൽ ആരംഭിച്ചിട്ടുണ്ട്.

പിഎസ്സി ക്രമക്കേട്: ഗവർണറുടെ ശിപാർശയിൽ നടപടി ആവശ്യപ്പെട്ട് ബിജെപി ഇന്ന് രാഷ്ട്രപതിയെ കാണും

തിരുവനന്തപുരം: പിഎസ്സി പരീക്ഷാ ക്രമക്കേടിൽ ചെയർമാനെയും അംഗങ്ങളെയും പിരിച്ചുവിടണമെന്ന് ഗവർണർ നൽകിയ ശിപാർശയിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിച്ച് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവിനെ കാണും.

രാജ്യസഭാംഗങ്ങളായ സി. സദാനന്ദനും പി.ടി. ഉഷയും അദ്ദേഹത്തിനൊപ്പം കൂടിക്കാഴ്ചയിൽ പങ്കെടുക്കും. ഉച്ചയ്ക്കുശേഷമാണ് രാഷ്ട്രപതിയുടെ അനുമതി ലഭിച്ചിരിക്കുന്നത്. വിഷയത്തിൽ സംസ്ഥാന സർക്കാർ ഒത്തുകളിക്കുകയാണെന്ന ശക്തമായ ആക്ഷേപമാണ് ബിജെപി ഉന്നയിക്കുന്നത്.

സർക്കാരിനോട് ആലോചിക്കാതെ പിഎസ്സിക്കെതിരെ രാഷ്ട്രപതിക്കു ശിപാർശ നൽകിയ ഗവർണറുടെ നടപടി ശരിയല്ലെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ വ്യക്തമാക്കിയിരുന്നു. ഇതിനു പിന്നാലെയാണ് ബിജെപിയുടെ ഈ നിർണായക നീക്കം.

05-11-2026

മാനവീയം വീഥിയിൽ എല്ലാവർക്കും പരിപാടികൾ നടത്താൻ അവകാശമുണ്ട്: വി. ശിവൻകുട്ടി

തിരുവനന്തപുരം: തലസ്ഥാനത്തെ മാനവീയം വീഥി നിയന്ത്രിക്കാനോ കലാ-സാംസ്കാരിക പരിപാടികൾ നിരോധിക്കാനോ നഗരസഭയ്ക്ക് അധികാരമില്ലെന്ന് സിപിഎം നേതാവും മുൻ മന്ത്രിയുമായ വി. ശിവൻകുട്ടി. മാനവീയം വീഥി പൊതുമരാമത്ത് വകുപ്പിൻറെ കീഴിലുള്ള റോഡ് ആണെന്നും അദ്ദേഹം പറഞ്ഞു. മാനവീയം വീഥിയുടെ നടത്തിപ്പ് അവകാശം നഗരസഭയ്ക്ക് കൈമാറിയതായി തലസ്ഥാന നിവാസികൾക്ക് അറിവില്ല. മാനവീയം വീഥിയിൽ എല്ലാവർക്കും കലാ-സാംസ്കാരിക പരിപാടികൾ നടത്താൻ അവകാശമുണ്ടെന്നുംവി. ശിവൻകുട്ടി വ്യക്തമാക്കി.

എന്നാൽ അവിടുത്തെ അടിസ്ഥാന സങ്കൽപത്തിന് കോട്ടം വരാത്ത രീതിയിൽ ആയിരിക്കണം പരിപാടികൾ സംഘടിപ്പിക്കേണ്ടത്. അവിടുത്തെ സ്ഥലങ്ങൾ അനധികൃതമായി കൈയേറി വയ്ക്കുന്നത് മാനവീയത്തിൻറെ സങ്കൽപങ്ങൾക്ക് എതിരാണെന്നും അവിടെ നടക്കുന്ന പരിപാടികളിൽ പങ്കെടുക്കുകയും ആസ്വദിക്കുകയുമാണ് വേണ്ടതെന്നും ശിവൻകുട്ടി കൂട്ടിച്ചേർത്തു.

കഴിഞ്ഞ ദിവസം നടൻ പ്രകാശ് രാജ് പങ്കെടുത്ത മാനവീയം വീഥിയിലെ പ്രതിഷേധത്തെ തുടർന്ന് പിന്മാറുകയായിരുന്നു.

ആസൂത്രണ ബോർഡിലെ വനിതാ പ്രാതിനിധ്യം: അതൃപ്തി പരസ്യമാക്കി മന്ത്രി ബിന്ദു കൃഷ്ണ

കൊച്ചി: ആസൂത്രണ ബോർഡിലെ വനിതാ പ്രാതിനിധ്യത്തിൽ പരസ്യമായി അതൃപ്തി പ്രകടിപ്പിച്ച് മന്ത്രി ബിന്ദു കൃഷ്ണ. ബോർഡിലേക്ക് മന്ത്രിമാരെ ഉൾപ്പെടുത്തുന്നതിന് പകരമായി വിഷയ വിദഗ്ധരായ സ്ത്രീകളെയാണ് ഉൾപ്പെടുത്തേണ്ടിയിരുന്നതെന്ന് അവർ വ്യക്തമാക്കി.

ഈ വിഷയം മുഖ്യമന്ത്രിയുമായി ചർച്ച ചെയ്യുമെന്നും മന്ത്രി അറിയിച്ചു. ഇന്ന് ചേരുന്ന ആസൂത്രണ ബോർഡ് യോഗത്തിൽ ഈ വിഷയം ചർച്ചയായേക്കുമെന്നാണ് സൂചന.

ആസൂത്രണ ബോർഡിലെ വിദഗ്ധ അംഗങ്ങളുടെ പട്ടികയിൽ വനിതകൾ ഉൾപ്പെട്ടിട്ടില്ലെന്ന് ചൂണ്ടിക്കാട്ടി മന്ത്രി ബിന്ദു കൃഷ്ണ നേരത്തെ മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നു. ഇതിനുപിന്നാലെയാണ് രണ്ട് വനിതാ മന്ത്രിമാരായ കെ. തുളസിയെയും ബിന്ദു കൃഷ്ണയെയും ബോർഡിൽ ഉൾപ്പെടുത്തിയത്.

ഡോ എസ്.എസ്. ലാൽ, സി.എച്ച്. അബ്ദുൾ റഹീം എന്നിവരേയും ബോർഡിൽ അംഗങ്ങളാക്കി. വിദഗ്ധരിൽ പുതുതായി ഉൾപ്പെടുത്തിയ രണ്ടും പുരുഷന്മാർ തന്നെയാണ്.

05-11-2026

ഡൽഹിയിൽ നിർമാണത്തിലിരുന്ന മൂന്നുനില കെട്ടിടം തകർന്നുവീണ് രണ്ടുപേർ മരിച്ചു

ന്യൂഡൽഹി: ഡൽഹിയിലെ ചൗരി ബസാറിൽ നിർമാണത്തിലിരുന്ന മൂന്ന് നില കെട്ടിടം തകർന്നുവീണ് രണ്ടുപേർ മരിച്ചു. ചൗരി ബസാർ മെട്രോ സ്റ്റേഷന് സമീപമുള്ള ഗലി സിതാരയിൽ ഇന്ന് രാവിലെ 9:50-നാണ് സംഭവം. മരണസംഖ്യ ഇനിയും ഉയരാൻ സാധ്യതയുണ്ടെന്നാണ് ലഭിക്കുന്ന വിവരം. കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ നിരവധി പേർ ഇനിയും കുടുങ്ങിക്കിടക്കുന്നുണ്ടെന്നാണ് സൂചന. വിവരമറിഞ്ഞ് ആറോളം ഫയർഫോഴ്സ് യൂണിറ്റുകൾ ഉടൻതന്നെ സ്ഥലത്തെത്തി രക്ഷാപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവശിഷ്ടങ്ങൾ നീക്കം ചെയ്യാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്.

കോഴിക്കോട് കാടുവെട്ടുന്നതിനിടെ തലയോട്ടി കണ്ടെത്തി; അന്വേഷണം ആരംഭിച്ച് പൊലിസ്

കോഴിക്കോട്: കോഴിക്കോട് വെള്ളിപറമ്പിൽ കാടുവെട്ടുന്നതിനിടെ മനുഷ്യൻറെ തലയോട്ടിയും ശരീര ഭാഗങ്ങളും കണ്ടെത്തി. വ്യാഴാഴ്ച രാവിലെയാണ് സംഭവം. വെള്ളിപറമ്പ് സദ്ഭാവന സ്കൂളിന് സമീപം അത്തർവാല കുന്നിലാണ് തലയോട്ടിയും ശരീര അവശിഷ്ടങ്ങളും കണ്ടെത്തിയത്.

കാടുവെട്ടാനെത്തിയ തൊഴിലാളിയാണ് തലയോട്ടിയും ശരീര അവശിഷ്ടങ്ങളും കണ്ടത്. തുടർന്ന് നാട്ടുകാരെ വിവരം അറിയിക്കുകയായിരുന്നു. മെഡിക്കൽ കോളജ് പൊലിസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

സമീപ പ്രദേശങ്ങളിൽനിന്ന് കാണാതായവരെ കേന്ദ്രീകരിച്ചാണ് അന്വേഷണം. വയോധികനായ സമീപവാസിയെ ഒരു മാസം മുമ്പ് കാണാതായിരുന്നു. ഇതുസംബന്ധിച്ചും പൊലിസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

ഡൽഹിയിലും കേരളത്തിലും രാഹുൽ ഗാന്ധിക്ക് രണ്ട് നിലപാടുകൾ: രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം: ലോകസഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കും കോൺഗ്രസ് പാർട്ടിക്കും ഡൽഹിയിലും കേരളത്തിലും വ്യത്യസ്ത നിലപാടുകളാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ എംഎൽഎ. ഡൽഹിയിൽ രാഹുൽ ഗാന്ധി ഭരണഘടനയെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും മതേതരത്വത്തെക്കുറിച്ചും സ്ത്രീകളുടെയും യുവാക്കളുടെയും അവകാശങ്ങളെക്കുറിച്ചും വാതോരാതെ സംസാരിക്കുന്നു. അതേസമയം, കേരളത്തിൽ അദ്ദേഹത്തിൻറെ കോൺഗ്രസ് പാർട്ടിയുടെ അവസ്ഥ മറ്റൊന്നാണ്. കേരളത്തിൽ അദ്ദേഹവും കോൺഗ്രസും ഭരണഘടനയെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും സംസാരിക്കുമ്പോൾ തന്നെ ഭരണഘടനയ്ക്കെതിരായ നിലപാട് പുലർത്തുന്ന, മതേതരത്വത്തിന് തീർത്തും വിരുദ്ധമായതും ബംഗ്ലാദേശിലുണ്ടായ അരാജകത്വത്തിന് പിന്നിൽ പ്രവർത്തിച്ചതുമായ ജമാഅത്തെ ഇസ്‌ലാമിയുമായി പരസ്യ രാഷ്ട്രീയ സഖ്യത്തിലാണ്. തങ്ങളുടെ ഏക ലക്ഷ്യം 'മതം, മതം, മതം' മാത്രമാണെന്ന് പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളവരാണ് രാഹുൽ ഗാന്ധിയുടെ രാഷ്ട്രീയ സഖ്യകക്ഷിയായ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിലെ മന്ത്രിമാർ എന്നത് മറക്കരുത്.

ദില്ലിയിൽ അദ്ദേഹം ഇന്ത്യയിലെ യുവാക്കളുടെ ഭാവിയെക്കുറിച്ച് സംസാരിക്കുന്നു. എന്നാൽ കേരളത്തിൽ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിൻറെ സമ്മർദ്ദത്തിന് വഴങ്ങി പാവപ്പെട്ട കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകാൻ ലക്ഷ്യമിട്ടുള്ള പിഎം ശ്രീ പദ്ധതി നടപ്പാക്കാൻ കോൺഗ്രസ് വിസമ്മതിക്കുന്നു. മറ്റെല്ലായിടങ്ങളിലും അദ്ദേഹം ഭരണഘടനയെക്കുറിച്ചും മൗലികാവകാശങ്ങളെക്കുറിച്ചും സംസാരിക്കുന്നു. എന്നാൽ കേരളത്തിൽ സ്ത്രീകളുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കാനും അവരെ വീടുകൾക്കുള്ളിൽ ഒതുക്കിനിർത്താനും ആഗ്രഹിക്കുന്നവരുമായാണ് രാഹുലിൻറെ രാഷ്ട്രീയ സഖ്യം. ഇക്കാര്യത്തിൽ രാഹുൽ ഗാന്ധി ഒരക്ഷരം പോലും മിണ്ടുന്നില്ലെന്നും രാജീവ് പറഞ്ഞു.

ശ്വാസകോശത്തിൽ കാന്തം കുടുങ്ങി; ആറു വയസുകാരൻെറ ജീവൻ രക്ഷിച്ച് ഡോക്ടർമാർ

കോൽക്കത്ത: ശ്വാസകോശത്തിൽ കുടുങ്ങിയ കാന്തം പ്രത്യേക കാന്തം കൊണ്ട് പുറത്തെടുത്തു. ബദുരിയ സ്വദേശി അറഫാത്ത് അലി (ആറ്) എന്ന കുട്ടിയാണ് കോൽക്കത്ത മെഡിക്കൽ കോളജ് ആശുപത്രിയിലെ ഡോക്ടർമാരുടെ കൂട്ടായ പരിശ്രമത്തിലൂടെ പുതിയൊരു ജീവിതത്തിലേക്ക് തിരിച്ചെത്തിയത്.

തുടർച്ചയായ ചുമയും ശ്വാസതടസവും അനുഭവപ്പെട്ടതിനെത്തുടർന്നാണ് അമ്മ കുട്ടിയെ കോൽക്കത്ത മെഡിക്കൽ കോളേജിലെ ഇഎൻടി വിഭാഗത്തിൽ എത്തിച്ചത്. തുടർന്ന് നടത്തിയ എക്സ്റേയിലും സിടി സ്കാനിലും കുട്ടിയുടെ വലത് ശ്വാസകോശത്തിൽ ഒരു ചെറിയ കാന്തം കുടുങ്ങിക്കിടക്കുന്നതായി കണ്ടെത്തുകയായിരുന്നു.

ബ്രോങ്കോസ്കോപ്പിയിലൂടെ കാന്തം പുറത്തെടുക്കാൻ ഡോക്ടർമാർ പരമാവധി ശ്രമിച്ചെങ്കിലും അത്ര എളുപ്പമായിരുന്നില്ല. ഫോഴ്സെപ്സ് ഉപയോഗിച്ച് പലതവണ പുറത്തെടുക്കാൻ നോക്കിയെങ്കിലും ലോഹനിർമിതമായ ഉപകരണത്തിൽ കാന്തം പിടി കിട്ടാതെ വഴുതിപ്പോയി. ഒടുവിൽ കുട്ടിക്ക് ശ്വസിക്കാൻ ബദൽ മാർഗമൊരുക്കാൻ ട്രക്കിയോസ്റ്റമി ചെയ്യേണ്ടി വന്നു.

നെഞ്ച് തുറന്നുള്ള ശസ്ത്രക്രിയായ തൊറാക്കോട്ടമി നടത്താൻ ആലോചിച്ചെങ്കിലും പീഡിയാട്രിക് ഐസിയു സൗകര്യമില്ലായിരുന്നു. തുടർന്ന്, ശ്വാസകോശത്തിലുള്ള കാന്തത്തെ മറ്റൊരു ശക്തിയേറിയ കാന്തം ഉപയോഗിച്ച് ആകർഷിച്ച് പുറത്തെടുക്കാമെന്ന ആശയം ഡോക്ടർമാരുടെ മനസിൽ ഉദിക്കുകയായിരുന്നു.

ഇതുമായി ബന്ധപ്പെട്ട് ഡോ. ദിപ്ത്താൻഷു മുഖോപാധ്യായ മാനിക്തലയിലെത്തി പ്രഭാകർ കരാർ എന്ന ലെയ്ത് പണിക്കാരൻറെ സഹായം തേടി. കുട്ടിയുടെ എക്സ്റേ പരിശോധിച്ച പ്രഭാകർ, ഉള്ളിലുള്ളത് കളിപ്പാട്ടങ്ങളിൽ ഉപയോഗിക്കുന്ന സാധാരണ കാന്തമാണെന്നും അതുകൊണ്ടാണ് ഫോഴ്സെപ്സിൽ പിടി കിട്ടാത്തതെന്നും തിരിച്ചറിഞ്ഞു. തുടർന്ന് മെഡിക്കൽ ഉപകരണത്തിൻറെ അഗ്രത്തിൽ ഘടിപ്പിക്കാൻതക്കവണ്ണം പ്രത്യേക ശക്തിയുള്ള ഒരു കാന്തം അദ്ദേഹം നിർമിച്ചുനൽകി.

ഡോ. സൗമേന്ദ്രനാഥ് ബാനർജിയുടെ നേതൃത്വത്തിൽ വ്യാഴാഴ്ച ഉച്ചയോടെ വീണ്ടും ശസ്ത്രക്രിയ നടത്തി. പ്രത്യേകം നിർമിച്ച കാന്തം ഉപകരണത്തിൻറെ അഗ്രത്തിൽ ഘടിപ്പിച്ച് ശ്വാസകോശത്തിൽ കുടുങ്ങിയ കാന്തത്തിന് സമീപമെത്തിച്ചു. പ്രത്യേക കാന്തത്തിൻറെ ആകർഷണശക്തിയിൽ ചെറിയ കാന്തം ഉപകരണത്തിലേക്ക് ഒട്ടിപ്പിടിക്കുകയായിരുന്നു. അങ്ങനെ മൂന്നുദിവസത്തോളമായി 13 തവണ നടത്തിയ ശ്രമങ്ങൾക്കൊടുവിലാണ് കുട്ടിയുടെ ശ്വാസകോശത്തിൽ നിന്ന് കാന്തം പുറത്തെടുത്തത്. ശസ്ത്രക്രിയയ്ക്ക് ശേഷം തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റിയ കുട്ടി നിലവിൽ നിരീക്ഷണത്തിലാണ്. ഒരു കുഞ്ഞിൻറെ ജീവൻ രക്ഷിക്കാൻ സഹായിച്ചതിൽ സന്തോഷമുണ്ടെന്ന് പ്രഭാകർ കരാർ പ്രതികരിച്ചു.

സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം കൃത്രിമം; മുഖ്യമന്ത്രിയുടെ ഇടപെടലിൽ ദുരൂഹത: പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം ഉണ്ടാകേണ്ട കാലാവസ്ഥയല്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. എന്നാൽ മുഖ്യമന്ത്രി പറയുന്നത് വൈദ്യുതി രംഗത്ത് പ്രതിസന്ധി ഉണ്ടെന്നാണെന്നും പിണറായി വിജയൻ പറഞ്ഞു.

കേരളത്തിലെ വൈദ്യുതി ക്ഷാമം കൃത്രിമമാണ്. അതീവ ഗൗരവമായ കാര്യങ്ങൾ ഇതിന് പിന്നിലുണ്ട്. സാധാരണ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതും ചെയ്യേണ്ടതും വൈദ്യുതി ബോർഡാണ്. പ്രധാന ഉത്തരവാദിത്തവും അവർക്ക് തന്നെയാണെന്നും വൈദ്യുതി കരാറിൻറെ കാര്യങ്ങൾ നേരെ എന്ന് പറയാനാകില്ലെന്നും പിണറായി പറഞ്ഞു.

വൈദ്യുതി ബോർഡ് എടുത്ത സമീപനം തള്ളുന്ന സർക്കാർ നടപടി ദുരൂഹമാണ്. വൈദ്യുതി ബോർഡും മന്ത്രിയും സ്വീകരിച്ചതിന് വിരുദ്ധമായ നിലപാടാണ് മുഖ്യമന്ത്രിക്കുള്ളത്. സാധാരണ നിലക്ക് നടക്കാൻ പാടില്ലാത്ത എന്തോ ഒന്ന് ഇതിന് പിന്നിലില്ലേ എന്ന് സംശയമുണ്ട്.

കരാർ ഒപ്പിടാൻ തീരുമാനിച്ചത് ഞാനെന്ന് മുഖ്യമന്ത്രി പറയുന്നു. പിന്നെ എന്തിനാണ് വകുപ്പും മന്ത്രിയും ബോർഡും. പൂർണ്ണ ഉത്തരവാദിത്തം മുഖ്യമന്ത്രി ഏറ്റെടുക്കുമ്പോൾ അതിലെന്തോ ഒളിപ്പിക്കാനുണ്ട്. അഴിമതി ആരോപണത്തിന് മുഖ്യമന്ത്രിക്ക് മറുപടിയില്ല. വൈദ്യുതി ഉത്പാദിപ്പിക്കുന്ന കമ്പനിയല്ല ജിഎൻഎ. ഡിജിറ്റൽ ഒടിസി ആണ്. സുതാര്യമായ നടപടി ക്രമങ്ങളിലൂടെയാണ് വൈദ്യുതി വാങ്ങേണ്ടത്. ആരുടെ വൈദ്യുതിയാണ് ജിഎൻഎ നൽകുന്നത്.

ഏത് കമ്പനിയുടെ വൈദ്യുതിയാണ് വാങ്ങുന്നത്. ഇതിനൊന്നും ഉത്തരം ഇല്ല. കെഎസ്ഇബി വിശദമായ പഠനം നടത്തിയിട്ടുണ്ട്. കെഎസ്ഇബി വിശദമായി കാര്യങ്ങൾ അവതരിപ്പിച്ചു. കെഎസ്ഇബി നടത്തിയ പഠനം തെറ്റാണെങ്കിൽ അത് ചൂണ്ടിക്കാണിക്കാനുള്ള അവകാശം സർക്കാരിനുണ്ട്. അങ്ങനെ ചൂണ്ടിക്കാണിച്ചിട്ടില്ല. കെഎസ്ഇബി പറഞ്ഞത് ഇത് സാമ്പത്തിക നഷ്ടം ഉണ്ടാക്കും എന്നാണ്.

ഔദ്യോഗികമായി കത്ത് നൽകിയിട്ടുണ്ട് എന്നും കെഎസ്ഇബി പറയുന്നു. കത്ത് നൽകിയിട്ടില്ല എന്ന് മുഖ്യമന്ത്രി അവകാശപ്പെടുമ്പോഴും കത്ത് പൊതു മണ്ഡലത്തിൽ ലഭ്യമാണ്. രാജമാണിക്യം പ്രാപ്തനായ ഐഎഎസ് ഉദ്യോഗസ്ഥൻ ആണ്. കാര്യങ്ങൾ പരിശോധിച്ചപ്പോ ശരിയല്ലെന്ന് ബോധ്യപ്പെട്ടാണ് ശരികേടുകൾ ബോധ്യപ്പെടുത്തിയത്.

വഴങ്ങാത്ത ഉദ്യോഗസ്ഥനെ സ്ഥാനമാറ്റുകയാണ്. കെഎസ്ഇബിക്കോ രാജമാണിക്യത്തിനോ എതിർപ്പില്ലെന്ന് പറയുമ്പോഴും അവരുടെ കത്തിന് വിരുദ്ധമായ കാര്യങ്ങൾ മുഖ്യമന്ത്രി സ്വീകരിക്കുന്നു. ഔദ്യോഗിക കത്തില്ലെന്ന് പറയുന്നു, പക്ഷേ അത് പുറത്ത് വന്നിട്ടുണ്ട്. ഹിമാചൽ വൈദ്യുതിക്ക് അനുകൂലമായി മന്ത്രി സണ്ണി ജോസഫ് ഫയലിൽ കുറിച്ചിട്ടുണ്ടെന്നും പിണറായി പറഞ്ഞു.

ശ്രീറാം സാംബശിവറാവുവുമായി തനിക്ക് ഒരു അതൃപ്തിയും ഇല്ലെന്ന് മന്ത്രി എം. ലിജു

തിരുവനന്തപുരം: എക്സൈസ് കമ്മീഷണർ ശ്രീറാം സാംബശിവറാവുവുമായി തനിക്ക് ഒരു അതൃപ്തിയും ഇല്ലെന്ന് എക്സൈസ് മന്ത്രി എം. ലിജു. പുതിയ ഒരു ബാറിന് ലൈസൻസ് കൊടുക്കുമ്പോൾ സർക്കാർ അറിയണമെന്നും അദ്ദേഹം പറഞ്ഞു.

വർഷങ്ങളായി വൈൻ പാർലറായി പ്രവർത്തിക്കുന്ന സ്ഥാപനം ഒരു അപേക്ഷ കൊടുത്തതിന് പിന്നാലെ ബാറായി മാറുമ്പോൾ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ ആണ് പ്രശ്നമെന്നും ലിജു പറഞ്ഞു.

കഴിഞ്ഞ ദിവസം 35ഓളം ഉദ്യോഗസ്ഥർ മാറിയില്ലേ. ഉദ്യോഗസ്ഥർ മാറുക എന്നത് കേരളത്തിലെ ആദ്യത്തെ സംഭവമാണോ. വകുപ്പ് സെക്രട്ടറിമാരെ അല്ലെങ്കിൽ കമ്മീഷണർമാരെ മാറ്റുന്നത് അഡ്മിനിസ്ട്രേറ്റീവ് ഡിസിഷനാണ്. ബന്ധപ്പെട്ട വകുപ്പ് അതുമായി ബന്ധപ്പെട്ട തീരുമാനമെടുക്കും.

അങ്ങനെയാണ് കഴിഞ്ഞ ദിവസം കുറേ പേർ മാറിയത്. ഇന്ന് ഒരാൾ കൂടി മാറിയെന്നേയുള്ളു. അതങ്ങനെ പ്രത്യേകതയുള്ള കാര്യമായിട്ടൊന്നും തനിക്ക് തോന്നുന്നില്ലെന്നും ലിജു പറഞ്ഞു.

യുഎസ് മേയർ തെരഞ്ഞെടുപ്പിൽ മലയാളിത്തിളക്കം; ലൊസാഞ്ചലസിൽ നിത്യ രാമന് ജയം

വാഷിംഗ്ടൺ: യുഎസ് മേയർ തെരഞ്ഞെടുപ്പിൽ മലയാളിത്തിളക്കം. ലൊസാഞ്ചലസ് മേയർ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ വംശജയും ഡെമോക്രാറ്റിക് സ്ഥാനാർഥിയുമായ നിത്യ രാമൻ (45) വിജയിച്ചു.

റിപ്പബ്ലിക്കൻ സ്ഥാനാർഥിയും നിലവിലെ മേയറുമായ കാരൻ ബാസിനെയാണ് നിത്യ തോൽപിച്ചത്. ഒടുവിൽ ലഭിച്ച റിപ്പോർട്ട് അനുസരിച്ച് നിത്യയ്ക്ക് 405,193 വോട്ടുകളും കാരൻ ബാസിന് 379,069 വോട്ടുകളുമാണ് ലഭിച്ചത്. ആറു വർഷത്തോളമായി ഡിസ്ട്രിക്ട് 4നെ പ്രതിനിധീകരിക്കുന്ന ലൊസാഞ്ചലസ് സിറ്റി കൗൺസിൽ അംഗമാണ് നിത്യ.

തിരുവനന്തപുരം നഗരത്തിലെ കോട്ടയ്ക്കകത്ത് രാമസ്വാമി കോവിൽതെരുവിലാണ് നിത്യയുടെ സ്വന്തം നാട്. നിത്യയ്ക്ക് ആറു വയസുള്ളപ്പോഴാണു കുടുംബം യുഎസിലേക്കു കുടിയേറിയത്.

കെൽട്രോണിലെ ഉദ്യോഗസ്ഥനായിരുന്ന ആർ. വെങ്കട്ടരാമൻറെയും ഇന്ത്യൻ ഓവർസീസ് ബാങ്കിലെ ജീവനക്കാരിയായിരുന്ന സുധയുടെയും മകളാണ്.

വൈദ്യുതി വാങ്ങലിൽ ദുരൂഹതയില്ല; ആരോപണങ്ങൾക്ക് മറുപടിയുമായി മുഖ്യമന്ത്രി

തിരുവനന്തപുരം: വൈദ്യുതി വാങ്ങൽ കരാറുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ഉന്നയിച്ച ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ഹിമാചൽ പ്രദേശിൽ നിന്ന് വൈദ്യുതി വാങ്ങുന്നതുമായി ബന്ധപ്പെട്ട കരാറിലെ നിരക്കുകളെക്കുറിച്ചുള്ള ആരോപണങ്ങളും മുഖ്യമന്ത്രി തള്ളി. ഹിമാചൽ പ്രദേശ് യൂണിറ്റിന് 14.50 രൂപയ്ക്ക് വൈദ്യുതി നൽകാമെന്ന് വാഗ്ദാനം ചെയ്ത കരാർ പിന്നീട് 12.50 രൂപയായി കുറച്ചെന്ന പ്രതിപക്ഷത്തിൻറെ വാദം തെറ്റാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

കെഎസ്ഇബിക്ക് പോലും ഇക്കാര്യത്തിൽ ഉറപ്പുണ്ടായിരുന്നില്ല. കെഎസ്ഇബി ചെയർമാനായിരുന്ന രാജമാണിക്യം കഴിഞ്ഞ 29ന് നൽകിയ കുറിപ്പിൽ, ഹിമാചൽ പ്രദേശ് അധികൃതർ രേഖാമൂലം ഉറപ്പുനൽകാതെ വൈദ്യുതി നിരക്ക് സംബന്ധിച്ച കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാനാകില്ലെന്നാണ് വ്യക്തമാക്കിയിരുന്നത്. 12.50 രൂപയ്ക്ക് വൈദ്യുതി നൽകാമെന്ന ഉറപ്പ് ഹിമാചൽ അധികൃതർ കെഎസ്ഇബിക്ക് നൽകിയിട്ടില്ലെന്നും ഈ രേഖയിൽ നിന്ന് വ്യക്തമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കെഎസ്ഇബിക്ക് പോലും ലഭിച്ചിട്ടില്ലെന്ന് പറയുന്ന ഈ പ്രപ്പോസൽ പ്രതിപക്ഷ നേതാവിന് എവിടെ നിന്നാണ് ലഭിച്ചതെന്ന് മുഖ്യമന്ത്രി ചോദിച്ചു. രേഖകൾ ലഭിച്ച ഉറവിടം വ്യക്തമാക്കാനും അവ പുറത്തുവിടാനും പ്രതിപക്ഷ നേതാവ് തയാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഹിമാചൽപ്രദേശുമായുള്ള വൈദ്യുതി കരാർ പിടിസി എന്ന ഇടനിലക്കാർ വഴിയാണെന്ന കാര്യവും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഇടനിലക്കാരുടെ മാർജിൻ കൂടി ഉൾപ്പെടുത്തിയ ശേഷമാണ് 14.50 രൂപ നിരക്ക് നിശ്ചയിച്ചതെന്ന വസ്തുത പ്രതിപക്ഷം സൗകര്യപൂർവം മറച്ചുവെക്കുകയാണോയെന്നും അദ്ദേഹം ചോദിച്ചു.

രാജസ്ഥാനും ഹിമാചൽ പ്രദേശിൽ നിന്ന് വൈദ്യുതി വാങ്ങാൻ കരാറിലേർപ്പെട്ടിരുന്നു. രാജസ്ഥാന് 15.50 രൂപയ്ക്ക് നൽകാമെന്ന് സമ്മതിച്ച വൈദ്യുതി എങ്ങനെയാണ് ഹിമാചൽപ്രദേശ് കെഎസ്ഇബിക്ക് 12.50 രൂപയ്ക്ക് നൽകുകയെന്നും മുഖ്യമന്ത്രി ചോദിച്ചു. ഹിമാചൽപ്രദേശ് കെഎസ്ഇബിക്ക് ഒരു നിരക്ക് മാത്രമാണ് നൽകിയിട്ടുള്ളതെന്നും അതിൽ പഴയ നിരക്കെന്നോ പുതിയ നിരക്കെന്നോ വേർതിരിവില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ജിഎൻഎ ഒരു വൈദ്യുതി ഉൽപ്പാദന കമ്പനിയല്ലെന്ന പ്രതിപക്ഷത്തിൻറെ വാദത്തെയും മുഖ്യമന്ത്രി ചോദ്യം ചെയ്തു. ഇതേ ജിഎൻഎ വഴി പിണറായി വിജയൻ മുഖ്യമന്ത്രിയായിരുന്ന കാലത്തും പലതവണ വൈദ്യുതി വാങ്ങിയിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കഴിഞ്ഞ സർക്കാർ ജിഎൻഎ വഴി വാങ്ങിയ വൈദ്യുതിയുടെ കണക്കുകൾ പുറത്തുവിടാൻ തയാറാണെന്നും വി.ഡി.സതീശൻ ചോദിച്ചു. സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ക്ഷാമമില്ലെന്നും കൃത്രിമമായി വൈദ്യുതി പ്രതിസന്ധി സൃഷ്ടിച്ചെന്നുമുള്ള പ്രതിപക്ഷ ആരോപണങ്ങളും അടിസ്ഥാനരഹിതമാണെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് വ്യക്തമാക്കി.

ട്യൂഷൻ ടീച്ചർ: അഭിമുഖം നവംബർ ഒൻപതിന്

വനിതാ - ശിശു വികസന വകുപ്പിന് കീഴിലുള്ള പൂജപ്പുര ഗവ. ചിൽഡ്രൻസ് ഹോമിൽ ഹൈസ്കൂൾ ക്ലാസുകളിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി വിഷയങ്ങൾക്ക് താത്കാലിക ട്യൂഷൻ ടീച്ചറുടെ ഒഴിവിലേക്ക് നിയമനം നടത്തുന്നു.

പ്രതിമാസം പരമാവധി 10 ക്ലാസുകൾ. വൈകിട്ട് ആറ് മുതൽ എട്ട് വരെയാണ് ക്ലാസ് സമയം. വേതനം പരമാവധി 5,000 രൂപ. താത്പര്യമുള്ളവർ നവംബർ ഒൻപതിന് രാവിലെ 11ന് കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. വിവരങ്ങൾക്ക്: 0471 2342075.

മാല പൊട്ടിച്ച കേസ്: 15 വർഷമായി ഒളിവിൽ കഴിഞ്ഞിരുന്ന പിടികിട്ടാപ്പുള്ളി പിടിയിൽ

കാസർഗോഡ്: മാല പൊട്ടിക്കലും വധശ്രമവും ഉൾപ്പെടെ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായി പതിനഞ്ച് വർഷത്തോളമായി ഒളിവിൽ കഴിഞ്ഞിരുന്ന പിടികിട്ടാപ്പുള്ളിയെ ബേഡകം പൊലിസ് എറണാകുളത്തുനിന്ന് സാഹസികമായി പിടികൂടി.

കോട്ടക്കുന്ന് പള്ളിക്കര സ്വദേശി മുഹമ്മദ് അറാഫത്താണ് എറണാകുളം കളമശേരിയിൽ നിന്ന് അന്വേഷണ സംഘത്തിൻറെ വലയിലായത്. 2011 മേയ് 18-നാണ് കേസിനാസ്പദമായ സംഭവം നടന്നത്.

ബേഡകം ചെമ്പക്കാട് വച്ച് ജോലി കഴിഞ്ഞ് റോഡിലൂടെ നടന്നുപോകുകയായിരുന്ന സ്ത്രീയുടെ കഴുത്തിൽനിന്ന് ബൈക്കിലെത്തിയ പ്രതി രണ്ടേമുക്കാൽ പവൻ വരുന്ന സ്വർണ താലിമാല കവർന്നു. മാല പിടിച്ചുപറിക്കുന്നതിനിടയിലുണ്ടായ പിടിവലിയിൽ പരാതിക്കാരിയുടെ കഴുത്തിന് സാരമായി പരിക്കേറ്റിരുന്നു.

തുടർന്ന് ബേഡകം പൊലിസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ കോടതിയിൽ ഹാജരാകാതെ മുങ്ങിനടന്ന ഇയാളെ കാസർഗോഡ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിക്കുകയായിരുന്നു.

പ്രതിക്കെതിരെ കാസർഗോഡ് പൊലിസ് സ്റ്റേഷനിൽ ഒരു വധശ്രമക്കേസും നിലവിലുണ്ട്.

ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ പ്രത്യേക അന്വേഷണ സംഘം കളമശേരിയിലെത്തിയാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

'സുപ്രീം കോടതി വിധിയിൽ ആശ്വാസം, പരീക്ഷ എഴുതാനാകുമെന്ന് പ്രതീക്ഷ': കാലടി സർവകലാശാലയിലെ വിദ്യാർഥികൾ

കൊച്ചി: കാലടി സർവകലാശാലയിലെ പരീക്ഷാ വിവാദം ഹൈക്കോടതി സിംഗിൾ ബെഞ്ച് തന്നെ പരിഗണിക്കട്ടെയെന്ന സുപ്രീം കോടതി വിധിയിൽ ആശ്വാസമെന്ന് വിദ്യാർഥികൾ. സിംഗിൾ ബെഞ്ച് ഹർജി വീണ്ടും പരിഗണിക്കുമ്പോൾ പരീക്ഷയെഴുതാൻ അനുവദിക്കുമെന്നാണ് വിശ്വാസമെന്ന് സർവകലാശാലയിൽ നിരാഹാരം തുടരുന്ന വിദ്യാർഥികൾ മാധ്യമങ്ങളോട് പ്രതികരിച്ചു.വിധി ആശ്വാസകരമാണ്. പരീക്ഷ എഴുതിക്കില്ല എന്ന സർവകലാശാലയുടെ തീരുമാനത്തിന് എതിരായി വീണ്ടും സിംഗിൾ ബെഞ്ച് ഈ വിഷയം പരിഗണിക്കുന്നുവെന്ന് പറയുന്നത് വിദ്യാർഥികളെ സംബന്ധിച്ച് ഏറെ ആശ്വാസകരവും പ്രതീക്ഷയും നൽകുന്ന വിധിയാണ്.

ഞങ്ങൾ വളരെ പ്രതീക്ഷയിലാണ്. സിംഗിൾ ബെഞ്ച് പരിഗണിക്കുമ്പോൾ മുഴുവൻ വിദ്യാർഥികളെയും പരീക്ഷയെഴുതാൻ അനുവദിക്കും എന്ന് തന്നെയാണ് വിശ്വാസമെന്ന് വിദ്യാർഥികൾ പറഞ്ഞു.

കൂടാതെ സസ്പെൻഷൻ നിരുപാധികമായി പിൻവലിക്കുന്നത് വരെ സമരം തുടരുമെന്നും വിദ്യാർഥികൾ വ്യക്തമാക്കി.

അതേസമയം, വിസി സിസ തോമസിനെതിരായ പ്രതിഷേധത്തിൻറെ പേരിൽ സസ്പെൻഷനിലായ 10 വിദ്യാർഥികൾക്ക് സെമസ്റ്റർ പരീക്ഷ എഴുതാൻ ഹൈക്കോടതി സിംഗിൾ ബെഞ്ച് നേരത്തെ അനുമതി നൽകിയിരുന്നു. എന്നാൽ ഹാജർ നില അടക്കം ചൂണ്ടിക്കാട്ടി ഡിവിഷൻ ബെഞ്ച് ഉത്തരവ് റദ്ദാക്കുകയായിരുന്നു.

ഇതിനെതിരെയാണ് വിദ്യാർഥികൾ സുപ്രീം കോടതിയെ സമീപിച്ചത്. ആവശ്യമായ ഹാജർ നില ഉണ്ടെന്നും സസ്പെൻഷനിൽ ആയ സമയത്തെ ഹാജർ മാത്രമാണ് ഇല്ലാതെ പോയതെന്നുമാണ് വിദ്യാർഥികളുടെ വാദം. വിദ്യാർഥികളിൽ ഭൂരിപക്ഷം പേരുടെയും പരീക്ഷ ഇന്നലെ ആരംഭിച്ചിരുന്നു.

ഭിന്നശേഷി വിഭാഗക്കാർക്കുള്ള മെഡിക്കൽബോർഡ്

2026-27 അധ്യയന വർഷത്തെ പി.ജി. ഹോമിയോപ്പതി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചവരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടാൻ അപേക്ഷ നൽകിയ വിദ്യാർഥികൾക്കായി നവംബർ ആറിന് രാവിലെ 10ന് തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ മെഡിക്കൽ ബോർഡ് നടക്കും.

മെഡിക്കൽ ബോർഡിൽ പങ്കെടുക്കാത്ത വിദ്യാർഥികളെ പി.ജി. മെഡിക്കൽ കോഴ്സുകളിലെ ഭിന്നശേഷി വിഭാഗം സീറ്റുകളിലേക്കുള്ള അലോട്ട്മെന്റിനായി പരിഗണിക്കില്ല. ഫോൺ: 0471-2332120, 0471-2338487.

പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പ്: അപേക്ഷിക്കാനുള്ള തീയതി നവംബർ 30 വരെ നീട്ടി

ഭീകരാക്രമണങ്ങളിലോ നക്സൽ ആക്രമണങ്ങളിലോ വീരമൃത്യു വരിച്ച പോലീസ് ഉദ്യോഗസ്ഥരുടെ ആശ്രിതർക്കായുള്ള പ്രധാനമന്ത്രിയുടെ, 2026-27 അധ്യയനവർഷത്തേയ്ക്കുള്ള സ്കോളർഷിപ്പ് പദ്ധതി (PMSS) യിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധി നവംബർ 30 വരെ നീട്ടി. വീരചരമം പ്രാപിച്ച പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബാംഗങ്ങൾക്കും അർഹരായ മക്കൾക്കും/ആശ്രിതർക്കും അപേക്ഷിക്കാം. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ NSP- www.scholarship.gov.in മുഖാന്തിരം ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കണം. വിവരങ്ങൾക്ക്: www.keralapolice.gov.in. പദ്ധതിയെക്കുറിച്ചുള്ള സംശയങ്ങൾക്ക് The Secretary to the Chairman, WARB, MHA, 8th Floor, NDCC-II Building, Jai Singh Road,New Delhi-110001, Telephone No: 011-23438111E-Mail ID:secywarb-mha@nic.in എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകൾ, ആർ.സി.സി., തിരുവനന്തപുരം, മലബാർ കാൻസർ സെന്റർ, സ്വാശ്രയ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ 2026-ലെ പി.ജി.മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ംംം.രലല.സലൃമഹമ.ഴീ്.ശി ൽ പ്രസിദ്ധീകരിച്ചു. ഹോം പേജിൽ നിന്ന് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കാം. അലോട്ട്മെന്റ് ലഭിച്ചവർ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നവംബർ 10 വൈകിട്ട് നാലിനകം പ്രവേശനം നേടണം. അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റും, ഓപ്ഷനുകളും റദ്ദാകും. വിവരങ്ങൾക്ക്: ംംം.രലല.സലൃമഹമ.ഴീ്.ശി, 04712332120 04712338487.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



കാമ്പസ് ടു ബൂത്ത് കാമ്പയിൻ തിരുവനന്തപുരം ഗവ. ആർട്സ് കോളേജിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. സജിത് ബാബു ഉദ്ഘാടനം ചെയ്യുന്നു.

കാമ്പസ് ടു ബൂത്ത് കാമ്പയിൻ ഉദ്ഘാടനം

തിരുവനന്തപുരം: സംസ്ഥാനത്ത് ഹയർ സെക്കൻഡറി, കോളേജ് വിദ്യാർഥികളെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നതിനായുള്ള കാമ്പസ് ടു ബൂത്ത് കാമ്പയിൻ തിരുവനന്തപുരം ഗവ. ആർട്സ് കോളേജിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. സജിത് ബാബു ഉദ്ഘാടനം ചെയ്തു. പേരൂർക്കട ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ഈ വിഷയത്തിൽ അദ്ദേഹം വിദ്യാർഥികളുമായി സംവദിക്കുകയും ചെയ്തു.

17 വയസ്സും അതിന് മുകളിലും പ്രായമുള്ള ഹയർ സെക്കൻഡറി സ്കൂൾ, കോളേജ് വിദ്യാർഥികളെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ കേരളം ആവിഷ്കരിച്ച കാമ്പയിനാണ് കാമ്പസ് ടു ബൂത്ത്. 'സ്റ്റെപ് ഫോർവേഡ് ഗറ്റ് കൗണ്ടഡ്' എന്ന ടാഗ് ലൈനിൽ നവംബർ രണ്ടിനാണ് ഒരാഴ്ച നീണ്ടുനിൽക്കുന്ന പ്രത്യേക എൻറോൾമെൻറ് ഡ്രൈവ് ആരംഭിച്ചത്.

വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അർഹരായ വിദ്യാർഥികൾക്ക് ഫോം 6 വഴി അപേക്ഷിക്കാം. ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകൾ വഴി പരമാവധി വിദ്യാർഥികളെ തെരഞ്ഞെടുപ്പ് അവബോധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനാണ് ലക്ഷ്യമിടുന്നത്.

എഐ പ്ലസ് സ്മാർട്ട് ഫോണുകൾ ലഭിക്കും

തിരുവനന്തപുരം: എഐ പ്ലസ് സ്മാർട്ട്ഫോണുകളുടെ തിരഞ്ഞെടുത്ത മോഡലുകൾ നവംബർ 14 വരെ നിലവിലെ വിലയിൽ സ്വന്തമാക്കാം. നവംബർ 15 മുതൽ പൾസ് 2 എഫ്ഇ, പൾസ് 2, നോവ 2 5ജി, നോവ 2 നിയോ 5ജി, നോവ 2 പവർ 5ജി, നോവ 2 പ്രോ 5ജി, നോവ 2 അൾട്രാ 5ജി എന്നിവയുടെ വിവിധ പതിപ്പുകൾക്ക് 1,000 രൂപ മുതൽ 3,000 രൂപ വരെ വില വർധിക്കും. നോവാഫ്ലിപ്പ് 5ജിയുടെ വിലയിൽ മാറ്റമില്ല; 49,999 രൂപയായി തുടരുമെന്ന് കമ്പനി അറിയിച്ചു.

കുഫോസിൽ ഞണ്ട് കൃഷിയിൽ ദ്വിദിന പരിശീലനം 18നും 19നും

ഞണ്ട് വളർത്തലിലും സോഫ്റ്റ് ഷെൽ ക്രാബ് കൃഷിയിലും സംരംഭകത്വ സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, അടൽ ഇൻകുബേഷൻ സെന്റർ -കുഫോസ് -ന്റെ ആഭിമുഖ്യത്തിൽ മഡ് ക്രാബ് ഫാറ്റനിംഗ്, സോഫ്റ്റ് ഷെൽ ക്രാബ് ഫാമിംഗ് എന്നീ വിഷയങ്ങളിൽ ദ്വിദിന പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. നവംബർ 18, 19 തീയതികളിൽ കേരള ഫിഷറീസ് സമുദ്ര പഠന സർവകലാ ശാലയി (കുഫോസ്)ലാണ് പരിശീലനം നടക്കുന്നത്.

ഞണ്ട് കൃഷിയിൽ താൽപര്യമുള്ള മത്സ്യകർഷകർ, സംരംഭകർ, വിദ്യാർഥികൾ, ഈ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർ എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം.

ശാസ്ത്രീയ കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിലൂടെ ഞണ്ട് കൃഷി മേഖലയിലെ സംരംഭകത്വവും സ്വയംതൊഴിൽ സാധ്യതകളും വളർത്തുകയാണ് പരിശീലനത്തിന്റെ ലക്ഷ്യം.

താൽപര്യമുള്ളവർക്ക് www.aickufos.com എന്ന വെബ്സൈറ്റ് വഴി നവംബർ 15 ന് വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാം.

കേരളത്തിൽ പോളിങ് സ്റ്റേഷനുകളുടെ പുനഃക്രമീകരണ നടപടികൾ തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചു

തിരുവനന്തപുരം: തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ സുഗമവും കാര്യക്ഷമവുമാക്കുന്നതിനും വോട്ടർമാർക്ക് സൗകര്യപ്രദമായ രീതിയിൽ വോട്ട് രേഖപ്പെടുത്തുന്നതിന് അവസരമൊരുക്കുന്നതിനുമായി സംസ്ഥാനം സമർപ്പിച്ച പോളിങ് സ്റ്റേഷനുകളുടെ പുനഃക്രമീകരണ നടപടികൾക്ക് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകാരം നൽകി.

പുനഃക്രമീകരണത്തിന് മുമ്പ് സംസ്ഥാനത്ത് ആകെ 30,471 പോളിങ് സ്റ്റേഷനുകളാണ് നിലവിലുണ്ടായിരുന്നത്. പുനഃക്രമീകരണത്തിൻറെ ഭാഗമായി 216 പുതിയ പോളിങ് സ്റ്റേഷനുകൾ രൂപീകരിക്കുകയും അഞ്ച് പോളിങ് സ്റ്റേഷനുകൾ സംയോജിപ്പിക്കുകയും 178 പോളിങ് സ്റ്റേഷനുകളുടെ സ്ഥലമോ കെട്ടിടമോ മാറ്റുകയും ചെയ്തു. ഇതോടെ സംസ്ഥാനത്തെ ആകെ പോളിങ് സ്റ്റേഷനുകളുടെ എണ്ണം 30,682 ആയി.

നിലവിലുള്ള പോളിങ് സ്റ്റേഷനുകളിലെ വോട്ടർമാരുടെ എണ്ണം, അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ, കെട്ടിടങ്ങളുടെ ലഭ്യത, വോട്ടർമാർക്ക് പോളിങ് സ്റ്റേഷനുകളിൽ എത്തിച്ചേരുന്നതിനുള്ള സൗകര്യം, ഭൂപ്രദേശത്തിൻറെ പ്രത്യേകതകൾ തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചാണ് പുനഃക്രമീകരണം നടത്തുന്നത്.

തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും ഒരു പോളിങ് സ്റ്റേഷനിൽ അനുവദനീയമായ പരമാവധി വോട്ടർമാരുടെ എണ്ണത്തിനും അനുസൃതമായാണ് പുതിയ പോളിങ് സ്റ്റേഷനുകൾ രൂപീകരിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ നിലവിലുള്ള പോളിങ് സ്റ്റേഷനുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നത്.

ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം അറിയിച്ചു.

യുവനടി പ്രതിയായ കേസിൽ വൻ ട്വിസ്റ്റ് ; യുവ ഡോക്ടർക്കെതിരെ ബലാത്സംഗക്കേസ്

കൊച്ചി: കൊച്ചിയിൽ യുവ നടി പ്രതിയായ കേസിൽ വൻ ടിസ്റ്റ്. മർദനത്തിൽ പരിക്കേറ്റ ഡോക്ടർക്കെതിരെ ഇൻഫോപാർക്ക് പൊലിസ് ബലാത്സംഗക്കേസ് എടുത്തു. നഗരത്തിലെ പ്രമുഖ ആശുപത്രിയിലെ ഡോക്ടറായ ഡോ. ജോൺസൺ കെ. വർഗീസിനെതിരേയാണ് (41) പൊലിസ് കേസെടുത്തത്. ഇയാളുടെ ഫോൺ പൊലിസ് കസ്റ്റഡിയിലെടുത്തു.

യുവനടിയുടെ ബന്ധുവായ 50കാരിയുടെ പരാതിയിലാണ് കേസ്. കഴിഞ്ഞ പത്തിനായിരുന്നു കേസിന് ആസ്പദമായ സംഭവം. ഡോക്ടറുടെ പരിചയക്കാരിയായ സ്ത്രീയെ ഇയാൾ മദ്യം നൽകിയ ശേഷം ഹോട്ടലിലെത്തിച്ചു പീഡിപ്പിച്ചുവെന്നാണ് പരാതി. പരാതിയുടെ അടിസ്ഥാനത്തിലാണ് ഇൻഫോപാർക്ക് പൊലിസ് കേസെടുത്തത്. യുവ ഡോക്ടറെ പ്രമുഖ ആശുപത്രിയിൽ നിന്ന് പുറത്താക്കിയതായാണ് വിവരം.

അതേസമയം, അടുത്ത ബന്ധുവിനെ പീഡനത്തിന് ഇരയാക്കിയ കുടുംബ ഡോക്ടറെ തടങ്കലിലാക്കി മർദിക്കുകയും പീഡനവിവരം പുറത്തുപറയാതിരിക്കാൻ മൂന്നു കോടി രൂപ ആവശ്യപ്പെടുകയും ചെയ്ത സംഭവത്തിൽ നടിയും അഭിഭാഷകയുമായ എറണാകുളം ഹിൽ പാലസ് അൻസൽ സിറ്റി അപ്പാർട്ട്മെൻറിൽ താമസിക്കുന്ന അതുല്യ ചന്ദ്ര (32), നടനും എക്സിക്യൂട്ടീവ് പ്രൊഡ്യൂസറുമായ ബി. ബിബിൻ പെരുമ്പിള്ളി (ബിബിൻ ബേബി 42), കെ.ബി. വിഷ്ണു (31) എന്നിവരെ കടവന്ത്ര പൊലിസ് വ്യാഴാഴ്ച അറസ്റ്റ് ചെയ്തിരുന്നു. കൂട്ടുപ്രതികളായ ഒമ്പതുപേർക്കായി പൊലിസ് അന്വേഷണം ഊർജിതമാക്കിയ സാഹചര്യത്തിലാണ് പുതിയ ടിസ്റ്റ് ഉണ്ടായത്.

തിങ്കളാഴ്ച വൈകിട്ട് 6.30ന് പൊന്നുരുന്നി ജൂനിയർ ജനതാ റോഡിലെ എസ്സെൻ സ്പ്രിംഗ് ഡേൽ അപ്പാർട്ട്മെൻറിലായിരുന്നു ഡോക്ടർക്ക് മർദനം ഏറ്റത്. പ്രമുഖ യുവനടൻ തൻറെ നിർമ്മാണക്കമ്പനിയിലെ ജീവനക്കാർക്ക് താമസിക്കാൻ എടുത്ത അപ്പാർട്ട്മെൻറാണിത്.

അടുത്ത ബന്ധുവിന് അസുഖം മൂർച്ഛിച്ചെന്ന് അതുല്യ അറിയിച്ചതനുസരിച്ചാണ് കുറീക്കാട് സ്വദേശിയായ ഡോക്ടർ അപ്പാർട്ട്മെൻറിൽ എത്തിയത്. എന്നാൽ അവിടെ ബന്ധു ഉണ്ടായിരുന്നില്ല. പകരം പലഭാഗത്തായി തമ്പടിച്ചിരുന്ന പ്രതികൾ ഡോക്ടറെ വളഞ്ഞ് ആക്രമിക്കുകയായിരുന്നു.

ഏതാനും ദിവസം മുമ്പ് ഡോക്ടറിൽ നിന്നുണ്ടായ പീഡനശ്രമം അടുത്ത ബന്ധു അതുല്യയോട് പറഞ്ഞിരുന്നു. തുടർന്ന് ഇവർ സുഹൃത്തുക്കളുമായി ചേർന്ന് ഡോക്ടറെ കുടുക്കാൻ പദ്ധതിയിടുകയായിരുന്നു. മർദ്ദിച്ച് അവശനാക്കിയ ശേഷം രാത്രി 10.30നാണ് ഡോക്ടറെ വിട്ടയച്ചത്. ചൊവ്വാഴ്ച ആദ്യ ഗഡുവായി 25 ലക്ഷം രൂപ നൽകാമെന്നായിരുന്നു ധാരണ. എന്നാൽ കളമശേരിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയ ഡോക്ടർ കടവന്ത്ര പൊലിസ് സ്റ്റേഷനിൽ പരാതി നൽകി. മൂന്ന് ലക്ഷം രൂപ വിലമതിക്കുന്ന രണ്ട് മൊബൈൽ ഫോണുകൾ, സ്മാർട്ട് വാച്ച്, ഇയർപോഡ് എന്നിവ പ്രതികൾ കവർന്നതായും പരാതിയിലുണ്ടായിരുന്നു.

വിമാനമിറങ്ങിയാൽ നേരെ പമ്പയിലേക്ക്; അയ്യപ്പഭക്തർക്കായി കെഎസ്ആർടിസി സർവീസ് ആരംഭിക്കും

തിരുവനന്തപുരം: ശബരിമല തീർഥാടകർക്ക് വിമാനത്താവളങ്ങളിൽ നിന്ന് നേരിട്ട് പമ്പയിലെത്താൻ പുതിയ യാത്രാസൗകര്യമൊരുക്കി കെഎസ്ആർടിസി. മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരം, നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്ന് പമ്പയിലേക്ക് എസി ബസ് സർവീസുകൾ ആരംഭിക്കും. കെഎസ്ആർടിസി അധികൃതരും വിമാനത്താവള അഥോറിറ്റി പ്രതിനിധികളും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് സർവീസുകൾ ആരംഭിക്കുന്നത്.

തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നടന്ന വെറ്റ് ലീസ് ബസുകളുടെ ഫ്ലാഗ് ഓഫ് ചടങ്ങിൽ മന്ത്രി സി.പി. ജോൺ സർവീസുകൾ പ്രഖ്യാപിച്ചു. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് രാത്രി 9.30ന് പമ്പയിലേക്കായിരിക്കും ബസ് പുറപ്പെടുക. പമ്പയിൽ നിന്ന് വൈകുന്നേരം ഏഴിന് തിരികെ പുറപ്പെട്ട് തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തുന്ന രീതിയിലാണ് മടക്ക സർവീസ് ക്രമീകരിക്കുന്നത്.

നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് രാത്രി 8.30ന് പമ്പയിലേക്ക് സർവീസ് ആരംഭിക്കും. പമ്പയിൽ നിന്ന് വൈകുന്നേരം ഏഴിന് പുറപ്പെടുന്ന ബസ് തിരികെ വിമാനത്താവളത്തിലെത്തും. വിമാനങ്ങളിലെത്തുന്ന തീർഥാടകർക്ക് വിശ്രമിക്കാനും വിരിവെക്കാനും രണ്ട് വിമാനത്താവളങ്ങളിലും പ്രത്യേക സൗകര്യങ്ങൾ ഒരുക്കും. വിവിധ വിമാനങ്ങളിൽ എത്തുന്ന ഭക്തർക്ക് യാത്രയ്ക്കായി കാത്തിരിക്കാനുള്ള സംവിധാനവും ഒരുക്കാനാണ് തീരുമാനം.

കെഎസ്ആർടിസിയുടെ ബുക്കിംഗ് വെബ്സൈറ്റ് വഴിയും വിമാന ടിക്കറ്റ് ബുക്കിംഗ് വെബ്സൈറ്റുകൾ വഴിയും ബസ് ടിക്കറ്റുകൾ ബുക്ക് ചെയ്യാം. വിമാന ടിക്കറ്റ് ബുക്ക് ചെയ്യുന്ന വെബ്സൈറ്റുകളിൽ കെഎസ് ആർടിസി ടിക്കറ്റ് ബുക്കിങ്ങിനുള്ള ലിങ്കും ലഭ്യമാക്കും. കൂടാതെ തീർഥാടക സംഘങ്ങൾക്ക് ഗ്രൂപ്പായി ചാർട്ടേഡ് ബസുകൾ ബുക്ക് ചെയ്യുന്നതിനും സൗകര്യമുണ്ടാകും.

മെസിയുടെ പേരിലെ കള്ളക്കളി; റിപ്പോർട്ടർ കമ്പനിക്ക് ജിഎസ്ടി സമൻസ്

തിരുവനന്തപുരം: ലയണൽ മെസിയെയും അർജൻറീന ടീമിനെയും കേരളത്തിലെത്തിക്കാമെന്ന പേരിൽ നടത്തിയ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട വിവാദത്തിൽ ജിഎസ്ടി അന്വേഷണം വീണ്ടും സജീവമാകുന്നു. നികുതി വെട്ടിപ്പ് ആരോപണത്തിൽ ജിഎസ്ടി കൊല്ലം ഇൻറലിജൻസ് യൂണിറ്റാണ് അന്വേഷണം പുനരാരംഭിച്ചത്. ഇതിൻറെ ഭാഗമായി റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിക്ക് ജിഎസ്ടി വകുപ്പ് സമൻസ് അയച്ചു.

കമ്പനിയുടെ ഡയറക്ടർമാർക്കും നോട്ടീസ് നൽകിയിട്ടുണ്ട്. ഗോകുലം ചിറ്റ് ഫണ്ട്സ്, ഹിന്ദുജ ഫിനാൻസ് എന്നിവർക്കും അന്വേഷണത്തിൻറെ ഭാഗമായി ജിഎസ്ടി വകുപ്പ് സമൻസ് അയച്ചിട്ടുണ്ട്. മെസിയെയും സംഘത്തെയും കേരളത്തിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട ഇടപാടുകളിൽ നികുതി ബാധ്യതകൾ പാലിച്ചിട്ടുണ്ടോയെന്നാണ് വകുപ്പ് പരിശോധിക്കുന്നത്. അതേസമയം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ വൈകിപ്പിച്ചതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് പ്രത്യേക അന്വേഷണ സംഘം നേരത്തെ ശിപാർശ ചെയ്തിരുന്നു.

കഴിഞ്ഞ സെപ്റ്റംബറിലായിരുന്നു ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചത്. കോഴിക്കോട്, കാഞ്ഞങ്ങാട് യൂണിറ്റുകളിലെ ഉദ്യോഗസ്ഥർ ന്യായീകരിക്കാനാകാത്ത വീഴ്ച വരുത്തിയെന്നും ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നുമായിരുന്നു അന്വേഷണസംഘത്തിൻറെ ശിപാർശ. റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിക്ക് അനുകൂലമായി എട്ട് മാസത്തോളം നടപടികൾ നിർത്തിവെക്കാൻ തിരുവനന്തപുരം ഇൻറലിജൻസ് വിഭാഗം ഡെപ്യൂട്ടി കമ്മീഷണർ നിർദേശം നൽകിയതിനെക്കുറിച്ചും അന്വേഷിക്കണമെന്ന് പ്രത്യേക അന്വേഷണസംഘം ശിപാർശ ചെയ്തിരുന്നു.

പണവും സ്വർണവും കിട്ടിയില്ല; പന്തലിലെത്തും മുമ്പ് പിന്മാറി വരൻ, വധുവിൻറെ കുടുംബം പൊലിസിൽ

ചണ്ഡിഗഡ്: ഹരിയാനയിലെ ഫരീദ്കോട്ടിൽ വധുവിൻറെ കുടുംബത്തോട് സ്ത്രീധനമായി ആവശ്യപ്പെട്ട 10 ലക്ഷം രൂപയും സ്വർണവും ലഭിക്കാതെ വന്നതോടെ വിവാഹത്തിൽനിന്ന് പിന്മാറി വരനും കുടുംബവും. കപൂർത്തല ജില്ലയിലെ ജാതികെ സംഗോജ്ല ഗ്രാമവാസിയായ ഷംഷേർ സിംഗിൻറെ മകൻ അമൻജ്യോത് സിംഗുമായിട്ടായിരുന്നു യുവതിയുടെ വിവാഹം ഉറപ്പിച്ചിരുന്നത്.

നവംബർ നാലിനായിരുന്നു ഇരുവരുടെയും വിവാഹം നിശ്ചയിച്ചിരുന്നത്. ഇതിനായുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായിരുന്നതാണ്. വിവാഹച്ചടങ്ങുകൾക്കായി ബന്ധുക്കളെല്ലാം വധുവിൻറെ വീട്ടിൽ ഒത്തുകൂടി നിൽക്കുന്നതിനിടയിലാണ് വരൻറെ കുടുംബം സ്വർണവും പണവും ആവശ്യപ്പെട്ടത്.

വിവാഹ ആവശ്യങ്ങൾക്കായി ഇതിനോടകം തന്നെ വലിയൊരു തുക ചെലവഴിച്ചിട്ടുണ്ടെന്നു പെൺകുട്ടിയുടെ കുടുംബം വ്യക്തമാക്കി. എന്നാൽ ആവശ്യപ്പെട്ട പണവും സ്വർണവും കിട്ടാതെ വന്നതോടെ വരനും സംഘവും വിവാഹപ്പന്തലിലേക്ക് വരാതെ മടങ്ങിപ്പോവുകയായിരുന്നു.

സംഭവത്തെ തുടർന്ന് പെൺകുട്ടിയുടെ കുടുംബം ഉടൻതന്നെ പൊലിസിനെ സമീപിച്ചു. പരാതിയുടെ അടിസ്ഥാനത്തിൽ വരനും മാതാപിതാക്കളും ഉൾപ്പെടെ ആറുപേർക്കെതിരെ പൊലിസ് കേസെടുത്തിട്ടുണ്ട്. ഒളിവിൽ പോയ പ്രതികളെ ഉടൻ പിടികൂടുമെന്നും പൊലിസ് അറിയിച്ചു.

ആര്യവീർ സെവാഗും ലക്ഷ്യ രാജേഷും തിളങ്ങി; ഇന്ത്യയ്ക്ക് തകർപ്പൻ ജയം

മസ്കറ്റ്: അണ്ടർ-19 ഏഷ്യാ കപ്പിൽ ഇന്ത്യയ്ക്ക് വിജയത്തുടക്കം. ആദ്യ മത്സരത്തിൽ നേപ്പാളിനെ പത്തു വിക്കറ്റിന് തകർത്താണ് ഇന്ത്യ ജയം ആഘോഷിച്ചത്. ആദ്യം ബാറ്റ് ചെയ്ത നേപ്പാൾ 42.3 ഓവറിൽ 128 റൺസിന് എല്ലാവരും പുറത്തായി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 19.1 ഓവറിൽ വിക്കറ്റ് നഷ്ടമില്ലാതെ ലക്ഷ്യം മറികടന്നു.

ഓപ്പണർമാരായ ആര്യവീർ സെവാഗിൻറെയും ലക്ഷ്യ രാജേഷ് റായ്ചന്ദാനിയുടെയും അർധസെഞ്ചുറികളാണ് ഇന്ത്യക്ക് അനായാസ വിജയം സമ്മാനിച്ചത്. മുൻ ഇന്ത്യൻ ഓപ്പണർ വീരേന്ദർ സെവാഗിൻറെ മകനായ ആര്യവീർ സെവാഗ് തകർപ്പൻ ബാറ്റിംഗ് പ്രകടനമാണ് പുറത്തെടുത്തത്. 51 പന്തിൽ 69 റൺസുമായി പുറത്താകാതെ നിന്ന ആര്യവീർ 34 പന്തിലാണ് അർധസെഞ്ചുറി പൂർത്തിയാക്കിയത്.

ഏഴ് ഫോറും നാല് സിക്സും ഉൾപ്പെടുന്നതായിരുന്നു താരത്തിൻറെ ഇന്നിംഗ്സ്. മറ്റൊരു ഓപ്പണറായ ലക്ഷ്യ രാജേഷ് 58 പന്തിൽ അർധസെഞ്ചുറി നേടി. ഏഴ് ബൗണ്ടറികളുടെ അകമ്പടിയോടെ 53 റൺസുമായി താരം പുറത്താകാതെ നിന്നു. അതേസമയം മുൻ ഇന്ത്യൻ നായകൻ രാഹുൽ ദ്രാവിഡിൻറെ മകൻ അൻവയ് ദ്രാവിഡിന് മത്സരത്തിൽ ബാറ്റിങ്ങിന് അവസരം ലഭിച്ചില്ല.

ഇന്ത്യയ്ക്കായി ഇഷാൻ സൂദും അർജുൻ രാജ്പൂതും മൂന്ന് വിക്കറ്റുകൾ വീതം വീഴ്ത്തിയപ്പോൾ യഷ്വീർ ഗൗഡ് രണ്ട് വിക്കറ്റുകൾ സ്വന്തമാക്കി. നേപ്പാൾ നിരയിൽ 43 റൺസ് നേടിയ ദർശ് സോനാറാണ് ടോപ് സ്കോറർ. ആശിഷ് ലുഹാർ (29), നീരജ് കുമാർ യാദവ് (20) എന്നിവരും ഭേദപ്പെട്ട പ്രകടനം നടത്തി. ഇരുവരും ചേർന്ന് അഞ്ചാം വിക്കറ്റിൽ കൂട്ടിച്ചേർത്ത 43 റൺസാണ് നേപ്പാളിനെ 100 കടക്കാൻ സഹായിച്ചത്.

യുവാവിൻറെ മരണത്തിനിടയാക്കിയ അപകടം സൃഷ്ടിച്ച ലോറി പൊലിസിൻറെ പിടിയിൽ

കോഴിക്കോട്: കൊയിലാണ്ടി നന്തിയിൽ ബൈക്ക് യാത്രിക്കാരൻറെ മരണത്തിന് ഇടയാക്കിയ അപകടം സൃഷ്ടിച്ച ശേഷം നിറുത്താതെ പോയ ലോറി പൊലിസ് കസ്റ്റഡിയിലെടുത്തു. കെഎൽ 49 ക്യു 5253 നമ്പറിലുള്ള ഭാരത് ബെൻസിൻറെ ലോറിയാണ് കൊയിലാണ്ടി പൊലിസ് കസ്റ്റഡിയിലെടുത്തത്.

ബൈക്കിൽ ലോറി ഇടിച്ചതിനെ തുടർന്ന് നാരങ്ങോളികുളം സ്വദേശി മുത്താച്ചികണ്ടി ഷിഹാബിന് ഗുരുതരമായി പരിക്കേൽക്കുകയും ചികിത്സയിലിരിക്കെ മരണപ്പെടുകയും ചെയ്തിരുന്നു. ഒക്ടോബർ 26നായിരുന്നു സംഭവം. സുഹൃത്ത് മുഹമ്മദ് മനൂഫിനൊപ്പം കൊയിലാണ്ടിയിൽ നിന്നും പയ്യോളി ഭാഗത്തേക്ക് ബൈക്കിൽ സഞ്ചരിക്കവെ രാത്രി 10.15നായിരുന്നു അപകടം. നന്തി മേൽപ്പാലത്തിന് മുകളിൽ എത്തിയപ്പോൾ എതിർദിശയിൽ നിന്നും വന്ന ലോറി ഇടിച്ചു തെറിപ്പിക്കുകയായിരുന്നു. ഇതിന് പിന്നാലെ ലോറി നിർത്താതെ പോകുകയായിരുന്നു. പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് കൊയിലാണ്ടി പൊലിസ് നടത്തിയ അന്വേഷണത്തിനൊടുവിലാണ് വാഹനം തിരിച്ചറിഞ്ഞത്.

ജൂനിയർ മെന്റർമാരുടെ ഒഴിവ്: അപേക്ഷ ക്ഷണിച്ചു

ചാലക്കുടി റീജണൽ സയൻസ് സെന്ററിലെ ഇന്നൊവേഷൻ ഹബ്ബിൽ ജൂനിയർ മെന്റർമാരുടെ രണ്ട് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. അപേക്ഷഫോം ംംം.സയോൌലൌാ.രീാ ൽ ലഭിക്കും. അവസാന തീയതി നവംബർ 11. ഫോൺ: 0471 2306024, 2306025.

ശർക്കരയ്ക്കുള്ളിൽ കഞ്ചാവ്; ആലുവയിൽ പിടികൂടിയത് 37.7 കിലോ

ആലുവ: ആലുവ റെയിൽവേ സ്റ്റേഷനിലെത്തിയ ട്രെയിനിൽ നിന്ന് ശർക്കരയിൽ പൊതിഞ്ഞ് കടത്തിയ 37.7 കിലോ കഞ്ചാവ് ആർപിഎഫ് പിടികൂടി. ശർക്കര നിറച്ച ചാക്കുകളിലാക്കി ട്രെയിനിൽ ഒളിച്ചുകടത്തിയ കഞ്ചാവാണ് പിടിച്ചെടുത്തത്.

ആലുവ റെയിൽവേ സ്റ്റേഷനിൽ എത്തിയ ദിബ്രുഗഡ്-കന്യാകുമാരി എക്സ്പ്രസ് ട്രെയിനിൽ നിന്നാണ് 19 ലക്ഷം രൂപ വിലമതിക്കുന്ന കഞ്ചാവ് പിടിച്ചത്. ജനറൽ കോച്ചിൽ ഉടമയില്ലാത്ത നിലയിൽ കാണപ്പെട്ട പ്ലാസ്റ്റിക്ക് ചാക്കുകൾ ആർപിഎഫ് ക്രൈം ഇൻറലിജൻസ്ബ്രാഞ്ച് തിരുവനന്തപുരം ഇൻസ്പെക്ടർ എ.ജെ. ജിപിൻറെ നേതൃത്വത്തിൽ പരിശോധിച്ചപ്പോഴാണ് കഞ്ചാവ് കണ്ടത്. നാല് ചാക്കുകളിൽ ശർക്കരയെന്ന് തോന്നുന്ന രീതിയിലാണ് നിറച്ചിരുന്നത്. കഞ്ചാവ് നിറച്ച പെട്ടിക്ക് ചുറ്റും ശർക്കര പൊതിഞ്ഞ് ബ്ലോക്കുകളാക്കിയാണ് ചാക്കിൽ അടുക്കി വച്ചിരുന്നത്. പ്രതികളെ കണ്ടെത്താനായിട്ടില്ല.